03
വ്യാഴം
നവംബർ 2022
1198 തുലാം 17
Vol 4 Issue No 309

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

# “സമാന്തര സർക്കാരാകാൻ ശ്രമിക്കണ്ട, ഗവർണർക്കെതിരെ മുഖ്യമന്ത്രി”



## മന്ത്രിയോടുള്ള പ്രീതി മന്ത്രിസഭ തീരുമാനിക്കും
## താൻ ജുഡീഷ്യറിക്കും മേലെയാണെന്ന് ഗവർണർ ഭാവിക്കുന്നു. മന്ത്രിസഭയെ മറികടന്ന് ഇടപെടുന്നു
## ആഎസ് എസ് അനുഭാവികളെ തിരികിക്കയറ്റാൻ ശ്രമിക്കുന്നുവെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി

**തിരുവനന്തപുരം** : സർക്കാരിനും സർവകലാശാലാ വിസിമാർക്കുമെതിരെ കടുത്ത നിലപാടെടുത്ത ഗവർണർക്കെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ. ഗവർണർക്ക് ചാൻസിലർ പദവിയിൽ സവിശേഷ അധികാരമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചാൻസിലർ പദവി നൽകിയത് കേരളമാണ്. അവിടെ ഇരുന്ന് പദവിയെ അപകീർത്തിപ്പെടുത്തുന്ന നിലപാടാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സ്വീകരിക്കുന്നത്. താൻ ജുഡീഷ്യറിക്കും മേലെയാണെന്ന് ഗവർണർ ഭാവിക്കുന്നു. മന്ത്രിസഭയെ മറികടന്ന് ഇടപെടുന്നു. ആഎസ്എസ് അനുഭാവികളെ തിരികിക്കയറ്റാൻ ശ്രമിക്കുന്നുവെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി.
തന്നിലാണ് സർവ്വ അധികാരവും എന്ന് ധരിച്ചാൽ അത് വക വച്ച് കൊടുക്കില്ലെന്നും മുഖ്യമന്ത്രി തുറന്നടിച്ചു. സമാന്തര സർക്കാരാകാൻ ആരും ശ്രമിക്കണ്ട. പ്രീതി നഷ്ടപ്പെട്ടെന്ന് പറഞ്ഞാൽ അത് തീരുമാനിക്കാൻ ഇവിടെ മന്ത്രിസഭയുണ്ട്. സർക്കാരും ജനങ്ങളുമുണ്ട്. ഉത്തരവാദിത്തങ്ങൾ ചെയ്യാൻ അറിയാം. അല്ലാതെ വല്ല ധാരണയും ഉണ്ടെങ്കിൽ അത് മനസിൽ വച്ചാൽ മതിയെന്നും മുഖ്യമന്ത്രി പറഞ്ഞു.
നിയമങ്ങളുടെ നഗ്ന ലംഘനത്തിന് ആർക്കും അധികാരം ഇല്ലെന്നിരിക്കെ, സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കാൻ ശ്രമിക്കുന്നുവെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. ഗവർണർക്ക് ചാൻസിലർ പദവിയിൽ സവിശേഷ അധികാരമില്ല. വിസിക്കെതിരെ നടപടി വേണമെങ്കിൽ അത് സർവകലാശാല ചട്ടത്തിൽ പറയുന്നുണ്ട്. നിയമങ്ങളേയും നിയമസഭയേയും നോക്കുകുത്തിയാക്കാമെന്ന് ചിലർ കരുതുന്നുണ്ട്. എന്നാലത് അംഗീകരിച്ച് കൊടുക്കുന്ന പ്രശ്നമില്ലെന്നും അദ്ദേഹം വിശദീകരിച്ചു.
രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ നിയമിതരായവരല്ല വിസിമാർ. വിദ്യാഭ്യാസ രംഗത്തെ നേട്ടം ആരും അംഗീകരിക്കുന്ന ഒന്നാണ്. വിദ്യാഭ്യാസ രംഗത്ത് കാലാനുസൃത മുന്നേറ്റമാണ് ആഗ്രഹിക്കുന്നത്. അതിനനുസരിച്ച നടപടി സ്വീകരിക്കുന്നുമുണ്ട്. കേരളമുണ്ടാക്കിയ വിസ്മയകരമായ മുന്നേറ്റം തകർക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നു. ആ നീക്കത്തിൽ കേരളമാകെ ഉത്കണ്ഠയിലാണ്. കേരളത്തിന്റെ നേട്ടത്തിൽ ഏറ്റവും അധികം അസൂയ ആർഎസ്എസിനാണ്. ഭരണഘടനയെ തകിടം മറിക്കുന്ന വർഗീയ ശക്തികൾ എല്ലായിടത്തും പിടിമുറുക്കുന്നു. കേരളത്തിലും അത്തരം സാഹചര്യം ഒരുക്കാൻ ശ്രമം നടക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.



# ഗവർണറുടെ കാരണം കാണിക്കൽ നോട്ടീസിന് സ്റ്റേയില്ല, വിസിമാരുടെ ഹർജിയിൽ ചാൻസിലറോട് വിശദീകരണം തേടി കോടതി

## ഗവർണർക്കെതിരെ സെനറ്റിന് പ്രമേയം പാസാക്കാനാകില്ല, വിമർശനവുമായി ഹൈക്കോടതി

കൊച്ചി : രാജിവെക്കാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും തയ്യാറാകാത്ത സംസ്ഥാനത്തെ യൂണിവേഴ്സിറ്റി വിസിമാർക്ക് കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് കോടതിയിൽ നിന്നും ഇടക്കാല സ്റ്റേയില്ല. കാരണം കാണിക്കൽ നോട്ടീസിനെതിരെ വിസിമാർ നൽകിയ ഹർജി പരിഗണിച്ച കേരളാ ഹൈക്കോടതി, ചാൻസിലർ അടക്കമുള്ള എതിർ കക്ഷികളോട് വിശദീകരണം തേടി. ഹർജികൾ നാളെ പരിഗണിക്കാൻ മാറ്റി. ഗവർണർ രാജിയാവശ്യപ്പെട്ട വിസിമാരിൽ ഏഴ് പേരാണ് കാരണം കാണിക്കൽ നോട്ടീസിനെതിരെ കോടതിയെ സമീപിച്ചത്.
കേരളാ സാങ്കേതിക സർവകലാശാല വിസിയുടെ നിയമനം റദ്ദാക്കിയ സുപ്രിം കോടതി വിധി വന്നതിന് പിന്നാലെയാണ് ഗവർണർ കേരളത്തിലെ മറ്റ് വിസിമാർക്കെതിരെയും വടിയെടുത്തത്. സംസ്ഥാനത്തെ സർവകലാശാലകളിലെ വിസി നിയമനങ്ങളിൽ സ്വജനപക്ഷപാതവും അഴിമതിയുമുണ്ടായെന്നാണ് ഗവർണറുടെ ആരോപണം. ചട്ടങ്ങൾ ലംഘിച്ചാണ് നിയമനങ്ങളുണ്ടായതെന്ന് ചൂണ്ടിക്കാട്ടിയാണ് ഗവർണർ വിസിമാരോട് രാജി ആവശ്യപ്പെട്ടത്. ഇതിന് പിന്നാലെ വിസിമാർ കോടതിയെ സമീപിച്ചു. ഹർജികൾ പരിഗണിച്ച കോടതി വിസിമാരോട് തൽക്കാലം തുടരാൻ നിർദ്ദേശിച്ചു. ഇതിന് പിന്നാലെയാണ് ഗവർണർ, രാജിവെക്കാത്തതിലെ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് വിസിമാർക്ക് നോട്ടീസയച്ചത്. ഇതിന് സ്റ്റേ ആവശ്യപ്പെട്ട് 7 വിസിമാർ വീണ്ടും കോടതി കയറുകയായിരുന്നു.
നടപടിക്രമങ്ങൾ കോടതിയിൽ നടക്കുമ്പോഴും വിസിമാർക്കെതിരെ വീണ്ടും കടുത്ത നീക്കങ്ങളുമായി ഗവർണർ മുന്നോട്ട് പോകുകയാണ്. നിയമിക്കപ്പെട്ടത് മുതലുള്ള ശമ്പളം വിസിമാരിൽ നിന്നും തിരിച്ചു പിടിക്കാനാണ് തീരുമാനം. ആരിഫ് മുഹമ്മദ് ഖാൻ അടുത്ത ദിവസം സംസ്ഥാനത്ത് തിരിച്ചെത്തിയാലുടൻ ഇക്കാര്യത്തിൽ ഉത്തരവിറക്കും. നിയമനം യുജിസി മാനദണ്ഡങ്ങൾ ലംഘിച്ചായതിനാൽ ശമ്പളം കൈപ്പറ്റിയതും അനർഹമായാണെന്ന് വിലയിരുത്തിയാണ് നടപടി.
ഗവർണർ ആരിഫ് മുഹമ്മദ് ഖന്റെ 'പുറത്താക്കൽ' നടപടിയ്ക്കെതിരെ കേരള സർവ്വകലാശാല സെനറ്റ് അംഗങ്ങൾ നൽകിയ ഹർജി പരിഗണിക്കവേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. ഗവർണർക്കെതിരെ സർവകലാശാലാ സെനറ്റ് പ്രമേയം പാസാക്കിയതിൽ കോടതി അതൃപ്തി രേഖപ്പെടുത്തി. സെനറ്റിന് ഗവർണർക്കെതിരെ പ്രമേയം പാസാക്കാൻ ആകില്ലെന്ന് കോടതി നിരീക്ഷിച്ചു. ചാൻസലർ സെർച്ച് കമ്മിറ്റി രൂപീകരിച്ചതിൽ എതിർപ്പുണ്ടെങ്കിൽ പ്രമേയം പാസാക്കുകയാണോ വേണ്ടതെന്നും കോടതി ചോദിച്ചു.

# ഗുരുവായൂർ ക്ഷേത്രത്തിൽ കോടതി വിളക്കിന്റെ നടത്തിപ്പിൽ നിന്ന് ജഡ്ജിമാർ വിട്ടുനിൽക്കണമെന്ന് ഹൈക്കോടതി

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിലെ കോടതി വിളക്കിന്റെ നടത്തിപ്പിൽ നിന്നും ജഡ് ജിമാർ വിട്ടുനിൽക്കണമെന്ന് ഹൈക്കോടതി.
ഏകാദശി മഹോത്സവത്തിന്റെ ഭാഗമായി നടക്കുന്ന കോടതിവിളക്കിന്റെ നടത്തിപ്പിൽ നിന്നും ജുഡീഷ്യൽ ഓഫീസർമാർ വിട്ടുനിൽക്കണം എന്നാണ് ഹൈക്കോടതിയുടെ നിർദേശം. ഇക്കാര്യം ചൂണ്ടിക്കാട്ടി തൃശൂർ ജില്ലയുടെ ചുമതലയുള്ള ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ ജില്ലാ ജഡ്ജിക്ക് കത്തയച്ചു.
കോടതികൾ ഒരു മതത്തിന്റെ പരിപാടിയിൽ ഭാഗമാകുന്നത് ശരിയല്ല. മതനിരപേക്ഷ സ്ഥാപനം എന്ന നിലയിൽ ഇത് അംഗീകരിക്കാനാവില്ല. നേരിട്ടോ അല്ലാതെയോ ജില്ലയിലെ ജുഡീഷ്യൽ ഓഫീസർമാർ കോടതി വിളക്കിന്റെ നടത്തിപ്പിൽ പങ്കാളികളാകരുതെന്നാണ് കത്തിലെ നിർദേശം. ഇതര മതസ്ഥരായവർക്ക് നിർബന്ധിതമായി ഈ ആഘോഷവുമായി സഹകരിക്കേണ്ടി വരും എന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും കത്തിൽ പറയുന്നു.

# വിസിമാർക്കെതിരെയുള്ള നടപടി കൂടുതൽ കടുപ്പിച്ച് ഗവർണർ; നിയമിച്ച അന്നുമുതലുള്ള ശമ്പളം തിരികെ പിടിക്കും

**തിരുവനന്തപുരം:** വിസിമാർക്കെതിരെയുള്ള നടപടി കൂടുതൽ കടുപ്പിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. എട്ട് വിസിമാരുടെ നിയമനം അസാധുവാണെന്നും, നിയമിച്ച അന്നുമുതൽ നൽകിവന്ന ശളം തിരികെ പിടിക്കാനാണ് നീക്കം. ഗവർണർ സംസ്ഥാനത്ത് മടങ്ങിയെത്തിയാൽ ഉടൻ ഉത്തരവിറക്കും.
നേരത്തെ ഗവർണർ വിസിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിന്റെ കാലാവധി നാളെയാണ് അവസാനിക്കുന്നത്. നോട്ടീസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കേരള സർവകലാശാലയിൽ നിന്ന് വിരമിച്ച ഡോ. മഹാദേവൻ പിള്ളയും സംസ്ഥാനത്തെ ആറ് വിസിമാരും ഇന്ന് ഹൈക്കോടതിയെ സമീപിച്ചിരുന്നു.
തങ്ങളെ പുറത്താക്കാതിരിക്കാനുള്ള കാരണം ചോദിക്കാൻ ചാൻസലറായ ഗവർണർക്ക് അധികാരമില്ലെന്നും ഫണ്ട് തിരിമറി അടക്കമുള്ള ആരോപണങ്ങളിൽ ഹൈക്കോടതിയിലെയോ സുപ്രീം കോടതിയിലെയോ ജഡ്ജിമാർ നേരിട്ട് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടാണ് ഹർജി നൽകിയത്. ഇതിനുപിന്നാലെയാണ് ഗവർണറുടെ പുതിയ നീക്കം.
വിസിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് അടുത്തിടെ ഗവർണർ കത്ത് നൽകിയിരുന്നു. തുടർന്ന് വിസിമാർ കോടതിയെ സമീപിക്കുകയായിരുന്നു. നിയമനാധികാരി ചാൻസലാറാണെന്നും എന്തുകൊണ്ട് ചാൻസലർക്ക് നടപടിയെടുത്തു കൂടാ എന്നും കോടതി ചോദിച്ചിരുന്നു. ഇതിനുപിന്നാലെയാണ് ഗവർണർ കാരണം കാണിക്കൽ നോട്ടീസ് നൽകിയത്


# എതിർപ്പിന് മുന്നിൽ മുട്ടുമടക്കി സർക്കാർ: പെൻഷൻ പ്രായം ഉയർത്തൽ മരവിപ്പിച്ചു, തുടർ നടപടികൾ വേണ്ടെന്ന് മന്ത്രിസഭായോഗം

**തിരുവനന്തപുരം:** പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം 60 ആക്കിയ തീരുമാനം സർക്കാർ മരവിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ വേണ്ടെന്ന് മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി.ഭരണപക്ഷത്തിൽ നിന്നടക്കം ശക്തമായ എതിർപ്പ് നേരിട്ടതിന് പിന്നാലെയാണ് പുതിയ നീക്കം. പെൻഷൻ പ്രായം ഉയർത്തിയ നടപടിയിൽ വലിയ പ്രതിഷേധമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ ക്യാബിനറ്റിൽ വ്യക്തമാക്കിയതായാണ് വിവരം. മരവിപ്പിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾക്കായി ധനമന്ത്രിയെയും ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയെന്നും സൂചനയുണ്ട്.





സംസ്ഥാനത്തെ 122 പൊതുമേഖലാ സ്ഥാപനങ്ങളിലെയും, ആറ് ധനകാര്യ കോർപ്പറേഷനുകളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം 58ൽ നിന്ന് അറുപതാക്കി ഉയർത്തി ഒക്ടോബർ 29നാണ് ധനവകുപ്പ് ഉത്തരവിറക്കിയത്. ഒന്നര ലക്ഷത്തോളം ജീവനക്കാരാണ് ഇവിടങ്ങളിലുള്ളത്.
വലിയ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, ജല അതോറിട്ടി ഒഴികെയുള്ളവയിലാണ് പെൻഷൻ പ്രായം വർദ്ധിപ്പിച്ചത്. മൂന്നിടത്തും 56 വയസെന്ന പെൻഷൻ പ്രായം മൂന്നു മാസത്തെ പഠനത്തിനു ശേഷം അറുപതാക്കി വർദ്ധിപ്പിക്കുമെന്നും അറിയിച്ചിരുന്നു.



ഒക്ടോബർ 29 മുതൽ വിരമിക്കേണ്ടവർക്ക് വർദ്ധന ബാധമാക്കിയിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന, വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതടക്കം പഠിക്കാൻ കഴിഞ്ഞ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമ്പൂർണമായി നടപ്പാക്കാൻ ധനകാര്യ അഡി. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള വകുപ്പ് സെക്രട്ടറിമാരുടെ സമിതി സർക്കാരിന് ശുപാർശ നൽകിയിരുന്നു. ഏപ്രിൽ 20നു ചേർന്ന മന്ത്രിസഭായോഗം, തൊഴിലന്വേഷകരായ യുവാക്കളുടെ രോഷം ഭയന്ന്, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, ജല അതോറിട്ടി എന്നിവയെ ഒഴിവാക്കി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. പെൻഷൻ പ്രായം അറുപതാക്കി ഉയർത്തിയതിൽ പ്രതിപക്ഷത്തിന് പുറമെ ഇടതു യുവജനസംഘടനകളും എതിർപ്പറിയിച്ചതോടെ, സർക്കാർ പ്രതിരോധത്തിലായിരുന്നു. യു.ഡി.എഫും, ബി.ജെ.പിയും സർക്കാരിനെ കടന്നാക്രമിച്ച് രംഗത്തെത്തുകയും ചെയ്തു. അഭ്യസ്തവിദ്യരായ യുവാക്കളേറെയുള്ള കേരളത്തിൽ പൊതുമേഖലയിലടക്കം പെൻഷൻ പ്രായമുയർത്തുന്നത് തിരിച്ചടിയാകുമെന്ന വിലയിരുത്തലാണ് ഇടത് യുവജന സംഘടനകൾ മുന്നോട്ടുവച്ചത്. എ.ഐ.വൈ.എഫ് സർക്കാർ തീരുമാനത്തെ കടന്നാക്രമിച്ചപ്പോൾ, ഡി.വൈ.എഫ്.ഐ സർക്കാരിനെ തള്ളിപ്പറയാതെ കരുതലോടെയായിരുന്നു എതിർപ്പറിയിച്ചത്. തൊഴിലില്ലായ്മാ പ്രശ്നത്തിൽ യുവജനവികാരം എതിരായാൽ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിലടക്കം തിരിച്ചടിയാകുമെന്നാണ് ഇടത് യുവജന സംഘടനകൾ കരുതുന്നത്. യുവജനങ്ങളിൽ ഇടതുപക്ഷത്തിനുള്ള സ്വാധീനം കുറയ്ക്കാനിടയാക്കുന്ന തീരുമാനമായി ഇത് മാറിയേക്കുമെന്ന ആശങ്കയും ഉയർന്നിരുന്നു. എന്നാൽ സംസ്ഥാനത്തിപ്പോൾ തന്നെ പല പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം അറുപതാണെന്നും അത് ഏകീകരിക്കുകയാണുണ്ടായതെന്നുമായിരുന്നു ധനവകുപ്പിന്റെ വാദം.



സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## സർക്കാരിന്റെ മാത്രം താൽപര്യമാണ് സംസ്ഥാനത്തിന്റേതല്ല എന്ന്പറയേണ്ടിവരുന്നു

കേരളത്തിലെ യുവാക്കളെ സംബന്ധിച്ച് സന്തോഷത്തിന്റെ കേരളപ്പിറവിദിനമായിരുന്നില്ല കഴിഞ്ഞത്. സംസ്ഥാന സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽപ്രായം 58 ൽനിന്ന് 60 ആക്കാനുള്ള സർക്കാർ തീരുമാനം അവരുടെ തൊഴിൽ സ്വപ്നങ്ങൾക്കു നൽകുന്ന ആഘാതം ചില്ലറയല്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കലുമായി ബന്ധപ്പെട്ട് പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിന് 2017ൽ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശിപാർശ കണക്കിലെടുത്താണത്രെ സർക്കാർ തീരുമാനമുണ്ടായത്. എന്തു കാരണം പറഞ്ഞാലും, കനത്ത സാമ്പത്തിക പ്രയാസം നേരിടുന്ന സർക്കാർ പിടിച്ചു നിൽക്കാൻ നടത്തുന്ന അഭ്യാസമാണിതെന്ന് എല്ലാവർക്കും അറിയാം. പ്രതിസന്ധി മറികടക്കാൻ പെൻഷൻ പ്രായം ഉയർത്തുകയല്ലാതെ മറ്റു പോംവഴിയില്ലെന്ന ഉപദേശമാണ് സർക്കാരിനു ലഭിച്ചിരിക്കുന്നത്. കേരളത്തിലെ യുവജനങ്ങൾക്ക് തിരിച്ചടിയാകുന്ന ഒരു തീരുമാനവും ഉണ്ടാകില്ലെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്ന മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവർ വാക്കു മാറ്റിയതായി വിലയിരുത്താം. സർക്കാർ സർവീസിലും പെൻഷൻപ്രായം ഉയർത്താനുള്ള തീരുമാനത്തിന്റെ തുടക്കമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ വിരമിക്കൽ പ്രായം വർധിപ്പിച്ചതിനെ ജനങ്ങൾ കാണുന്നു. ഇതിനോടുള്ള ഭരണ, പ്രതിപക്ഷ യുവജനസംഘടനകളുടെ പ്രതികരണം നിർണായകമാകും. അതീവ സങ്കീർണമായ സാമൂഹിക-സാമ്പത്തിക സാഹചര്യമാണ് സംസ്ഥാനത്തേത്. മദ്യക്കച്ചവടവും ലോട്ടറി വിൽപനയും പ്രോത്സാഹിപ്പിച്ച് പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന സർക്കാരെന്ന ഗവർണർ ആരിഫ് മുഹമ്മദ്ഖാന്റെ വിമർശനം അസ്വസ്ഥപ്പെടുത്തുന്നതാണെങ്കിലും ശൂന്യമായ കേരളത്തിന്റെ ഖജനാവിനെക്കുറിച്ചുള്ള വ്യക്തമായ സൂചന അതിലുണ്ട്. വിരമിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാൻ മാർഗമില്ലാത്ത ഘട്ടം എത്തി എന്നാണ് ഇപ്പോഴത്തെ തീരുമാനത്തിൽനിന്ന് മനസിലാക്കേണ്ടത്. പെൻഷൻപ്രായം ഉയർത്തുകയല്ലാതെ മറ്റു പോംവഴി ഇല്ലായെന്ന നിലയിൽ കെ.എം. ഏബ്രഹാം കമ്മിറ്റി ശിപാർശയ്ക്ക് അനുസരിച്ച് നീങ്ങാൻ സർക്കാർ തയാറായിരിക്കുന്നു. 2023ൽ സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ വാങ്ങി വിരമിക്കാനുള്ളത് 21083 ആളുകളാണ്. ഇവർക്ക് നൽകാൻ മാത്രം 5600 കോടി രൂപ വേണ്ടിവരും. അടുത്ത രണ്ട് വർഷത്തേക്ക് എങ്കിലും വിരമിക്കൽ നീട്ടിവച്ചാൽ പതിനായിരം കോടി രൂപയിലേറെ ലാഭമാണ് പ്രതീക്ഷ. പ്രതിസന്ധിക്ക് തൽക്കാലം ആശ്വാസം തേടിതന്നെയാണ് 122 പൊതുമേഖലാ സ്ഥാപനങ്ങളിലും ആറു ധനകാര്യ കോർപറേഷനുകളിലുമായി വരുന്ന ഒന്നരലക്ഷത്തോളം ജീവനക്കാരുടെ പെൻഷൻപ്രായം സർക്കാർ ഉയർത്തിയത്. പെൻഷൻപ്രായം ഉയർത്തില്ലെന്ന നയപരമായ തീരുമാനത്തിൽനിന്ന് സർക്കാർ പിന്നോട്ട് പോയ സ്ഥിതിക്ക് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായവും ഉയർത്തുമെന്ന വിലയിരുത്തലാണ് പരക്കെ ഉണ്ടായത്.

ചില സ്ഥാപനങ്ങളിൽ ഇപ്പോൾ തന്നെ വിരമിക്കൽ പ്രായം 60 ആണെന്നിരിക്കേ ഇപ്പോഴത്തെ ഉയർത്തലിൽ വലിയ കാര്യമല്ലെന്നു വാദിക്കുന്നവരുമുണ്ട്. സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56ൽനിന്ന് 60 ആക്കി ഉയർത്തണമെന്ന വിദഗ്ധ സമിതികളുടേയും ശമ്പള പരിഷ്കരണ കമ്മിഷന്റെയും ശിപാർശ സർക്കാരിന്റെ മുന്നിലുണ്ട്. ഇപ്പോഴത്തെ തീരുമാനത്തോടുള്ള പ്രതികരണം സർക്കാർ ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ നിർണായകമാകും. ആയുർദൈർഘ്യം കൂടുന്നതിന് അനുസരിച്ച് വിരമിക്കൽ പ്രായം ഉയർത്തിയാലോ എന്ന ആലോചന ദേശീയതലത്തിൽ തന്നെ നടക്കുന്ന സമയമാണിത്. 2047 ആകുമ്പോഴേക്കും ഇന്ത്യ 60 വയസിനു മുകളിൽ പ്രായമുള്ള 14 കോടി പേരുടെ വൃദ്ധസമൂഹമായി മാറുമെന്ന വിലയിരുത്തലാണുള്ളത്. ഇത് രാജ്യത്തിന് അകത്ത് പെൻഷൻഫണ്ടുകളിൽ വലിയ സമ്മർദമുണ്ടാക്കുമെന്നാണ് കണക്കുകൾ പറയുന്നത്. യൂറോപ്യൻ രാജ്യങ്ങളുടെയും അമേരിക്കയുടെയുംപോലെ അറുപത് വയസിനോ അറുപത്തിയഞ്ചു വയസിനോ മുകളിൽ വിരമിക്കൽ പ്രായം ആക്കിയാൽ പെൻഷൻ ഫണ്ടുകൾക്ക് ഉണ്ടാകുന്ന സമ്മർദം കുറയ്ക്കാൻ കഴിയുമ്രെത.

ഖജനാവ്കാക്കാനും പെൻഷൻ ഫണ്ട്സമ്മർദം ഒഴിവാക്കാനുമുള്ള ശ്രമത്തിനിടയിൽ വിരമിക്കൽപ്രായം ഉയർത്തുമ്പോൾ തൊഴിലിനു കാത്തിരിക്കുന്ന ലക്ഷക്കണക്കിന് യുവാക്കളുടെ ഗതി എന്താകും?. അവർക്ക് ഉണ്ടാകുന്ന സമ്മർദം സർക്കാരുകളുടെ വിഷയമല്ലേ?. വിരമിക്കൽ പ്രായം വർധിപ്പിക്കുന്നതിലൂടെ സ്വാഭാവികമായും നിയമന നിരോധനത്തിന്റെ ദിവസങ്ങളാകും സംസ്ഥാനത്ത് സംഭവിക്കുക. യുവാക്കളുടെ കടുത്ത ആശങ്കയെ അഭിസംബോധന ചെയ്യാൻ മുഖ്യമന്ത്രി നടത്തിയതുപോലുള്ള തൊഴിൽ വാഗ്ദാനത്തിലൂടെ കഴിയില്ല. തൊഴിലോ ജീവിക്കാൻ ആവശ്യമായ വരുമാനമോ വേണമെങ്കിൽ നാടുവിടാതെ തരമില്ലെന്ന ചിന്തയിൽ നിൽക്കുന്ന യുവജനതയുടെ ആശങ്കയിലാണ് സർക്കാർ തീരുമാനം എണ്ണപകർന്നത്. പഠിക്കാനായി പുറത്തുപോകുന്ന മിടുക്കരായ കുട്ടികൾ നാട്ടിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നേയില്ല. വർധിച്ചുവരുന്ന വിദേശ കുടിയേറ്റം കേരളം നേരിടുന്ന വലിയൊരു സാമൂഹിക ഭീഷണിയായി മാറിക്കഴിഞ്ഞു. ഈയൊരു പശ്ചാത്തലത്തിൽ, വിരമിക്കൽ പ്രായം ഉയർത്തിയ നടപടിയിലൂടെ സർക്കാർ സംരക്ഷിക്കുന്നത് സർക്കാരിന്റെ മാത്രം താൽപര്യമാണ്; സംസ്ഥാനത്തിന്റേതല്ല എന്ന് പറയേണ്ടിവരുന്നു.



## സേവ സ്ഥാപകയും പദ്മഭൂഷൺ ജേത്രിയുമായ ഇള ഭട്ട് അന്തരിച്ചു

അഹമ്മദാബാദ്: പ്രശസ്ത സ്ത്രീശാക്തീകരണ പ്രവർത്തകയും അഭിഭാഷകയുമായ ഇള ഭട്ട് അന്തരിച്ചു. 89 വയസ്സായിരുന്നു. ഗുജറാത്തിലെ അഹമ്മദാബാദ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ ബുധനാഴ്ചയായിരുന്നു അന്ത്യം.

ഇന്ത്യയിൽ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് വേണ്ടി സെൽഫ് എംപ്ലോയ്ഡ് വിമൻസ് അസ്സോസിയേഷൻ (ടല്ലണഅ) എന്ന സംഘടനയുടെ സ്ഥാപക കൂടിയാണ് ഇള ബെൻ എന്നറിയപ്പെടുന്ന ഇള ഭട്ട്. ഗാന്ധിയൻ ചിന്തകളിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന ഇള സബർമതി ആശ്രമം പ്രിസർവേഷൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർപേഴ്സണായും പ്രവർത്തിച്ചിട്ടുണ്ട്.

സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിന് വേണ്ടി അശ്രാന്തം പ്രവർത്തിച്ച ഇള ഭട്ട് സ്ത്രീകൾക്ക് വേണ്ടി 1973-ൽ ഇന്ത്യയിലെ ആദ്യത്തെ വനിത ബാങ്കായ സേവ സഹകരണ ബാങ്ക് സ്ഥാപിക്കാൻ മുൻകയ്യെടുത്തു. വിമൻസ് വേൾഡ് ബാങ്കിന്റെ സഹസ്ഥാപക കൂടിയാണ്. 1985-ൽ പദ്മശ്രീയും 1986-ൽ പദ്മഭൂഷണും നൽകി രാജ്യം ഇളയെ ആദരിച്ചു. തന്റെ നിസ്തുല സേവനത്തിന് ഇള ഭട്ട് 1977-ൽ മഗ്സസെ അവാർഡിനും 2011-ൽ ഗാന്ധി പീസ് പ്രൈസിനും അർഹയായി.

സൗമ്യയായ വിപ്ലവകാരിയെന്നറിയപ്പെട്ട ഇള സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനു വേണ്ടി അഹോരാത്രം പ്രവർത്തിച്ചു. ആഗോള സംഘടനയായ ദ എൽഡേഴ്സിന്റെ പ്രവർത്തനങ്ങളിലും ഇള പങ്കാളിയായിരുന്നു. രമേശ് ഭട്ട് ആണ് ഭർത്താവ്. മഹിർ, അമിമയി എന്നിവരാണ് മക്കൾ.

പ്രചോദനകരമായ ഒരു പൈതൃകം ബാക്കിയാക്കിയാണ് ഇള മരണത്തിന് കീഴങ്ങുന്നതെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ട്വീറ്റ് ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദി, രാഹുൽ ഗാന്ധി, ജയറാം രമേശ് തുടങ്ങി നിരവധി പ്രമുഖ വ്യക്തികൾ ഇള ഭട്ടിന്റെ മരണത്തിൽ അനുശോചിച്ചു.



## ദേശസുരക്ഷാനിയമം ചുമത്തിയാൽപ്പോലും കാരണം പറയണം; അനുമതി നിഷേധിച്ചത് ചാനലിനോട് പറയുന്നതിൽ തടസമെന്ത്?'

ന്യൂഡൽഹി: മീഡിയ വൺ ചാനലിന്റെ ലൈസൻസ് പുതുക്കലുമായി ബന്ധപ്പെട്ട് സുരക്ഷാഅനുമതി നിഷേധിച്ചതിന്റെ കാരണം ചാനൽ ഉടമകളോട് അറിയിക്കുന്നതിൽ തടസമെന്തെന്ന് സുപ്രീം കോടതി. ദേശസുരക്ഷാനിയമം ചുമത്തി തടങ്കലിൽ വയ്ക്കുന്നവരോട് പോലും അതിന്റെ കാരണം പറയണം. സുരക്ഷാഅനുമതി നിഷേധിച്ചതിന് ആധാരമായ കാര്യങ്ങൾ അറിയാതെ എങ്ങനെയാണ് അനുമതി നിഷേധിക്കപ്പെട്ടവർ നിയമനടപടി സ്വീകരിക്കുകയെന്ന് സുപ്രീം കോടതി ആരാഞ്ഞു.

സംപ്രേഷണാനുമതി നിഷേധിച്ചതിനെതിരെ മീഡിയ വൺ ഉടമകൾ നൽകിയ ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസുമാരായ ഡി.വൈ. ചന്ദ്രചൂഡ്, ഹിമ കോഹ്ലി എന്നിവരടങ്ങിയ ബെഞ്ച് സുപ്രധാനമായ ചോദ്യങ്ങൾ കേന്ദ്ര സർക്കാർ അഭിഭാഷകനോട് ആരാഞ്ഞത്. ഒരു കക്ഷി ആധാരമായി ഉപയോഗിക്കുന്ന കാര്യങ്ങൾ എതിർകക്ഷിയെ അറിയിക്കുകയെന്നതാണ് കോടതി നടപടികളുടെ അന്തഃസത്ത. ക്രിമിനൽ നടപടി ചട്ടപ്രകാരം ദേശസുരക്ഷാനിയമം ചുമത്തപ്പെട്ടവരോട് പോലും അതിന്റെ കാരണം വ്യക്തമാക്കണമെന്നും കോടതി ചൂണ്ടിക്കാട്ടി. ദേശസുരക്ഷ ലംഘിക്കുന്ന എന്ത് കാര്യമാണ് ചെയ്തതെന്ന് അറിയിക്കേണ്ട ഉത്തരവാദിത്വം സർക്കാരിനില്ലേയെന്നും ജസ്റ്റിസ് ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ആരാഞ്ഞു.

വിവരത്തിന്റെ സ്രോതസ് വെളിപ്പെടുത്താതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചാനലുമായി പങ്കുവെച്ച് കൂടേയെന്നും കോടതി ആരാഞ്ഞു. കേസിൽ കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ കെ.എം. നടരാജ് ഈ ചോദ്യങ്ങൾക്ക് വ്യാഴാഴ്ച സുപ്രീം കോടതിയിൽ മറുപടി നൽകും.

### ന്യൂനപക്ഷം ആയത് കൊണ്ടാണ് നടപടിയെന്ന് ദാവെ, മതവിശ്വാസമാണ് പ്രശ്നമെന്ന് റോത്തഗി

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ ചാനൽ ആയതിനാൽ മീഡിയ വണ്ണിനെതിരെ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കുന്നതെന്ന് ചാനൽ ഉടമകൾക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ദുഷ്യന്ത് ദാവെ ആരോപിച്ചു. ലൈസൻസ് പുതുക്കാൻ സുരക്ഷാ ക്ലിയറൻസ് ആവശ്യമില്ല. ഇക്കാര്യം ചട്ടങ്ങളിൽ വ്യക്തമാണെന്നും അദ്ദേഹം കോടതിയിൽ വാദിച്ചു.

ചാനൽ ഉടമകളുടെ മതവിശ്വാസമാണ് കേന്ദ്രസർക്കാരിന് പ്രശ്നമെന്ന് ചാനൽ ഉടമകൾക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗി ആരോപിച്ചു. സുരക്ഷ, അനുമതി എന്ന രണ്ട് വാക്കുകൾ കൊണ്ട് മാധ്യമ സ്ഥാപനങ്ങളെ നിലയ്ക്ക് നിർത്താൻ സർക്കാരിനെ അനുവദിച്ചാൽ അത് മാധ്യമ പ്രവർത്തനത്തിന്റെ മരണമണിയാകുമെന്നും റോത്തഗി കോടതിയിൽ പറഞ്ഞു. സീനിയർ അഭിഭാഷകൻ ഹുസേഫാ അഹമദി, അഭിഭാഷകൻ ഹാരിസ് ബീരാൻ എന്നിവരും മീഡിയ വണ്ണിന് വേണ്ടിബുധനാഴ്ച സുപ്രീം കോടതിയിൽ ഹാജരായി.

## ട്രെയിലറിൽ കൊണ്ടുപോയ വിമാനത്തിന്റെ ചിറക് KSRTC ബസിൽ ഇടിച്ചു; നിരവധിപേർക്ക് പരിക്ക്

തിരുവനന്തപുരം: ട്രെയിലറിൽ കൊണ്ടുപോകുകയായിരുന്ന വിമാനത്തിന്റെ ചിറക്, കെ.എസ്.ആർ.ടി.സി. ബസിൽ ഇടിച്ച് നിരവധിപേർക്ക് പരിക്ക്. ബാലരാമപുരം ജംങ്ഷന് സമീപത്ത് ബുധനാഴ്ച പുലർച്ചെ ആയിരുന്നു അപകടം. കെ.എസ്.ആർ.ടി.സി. ഡ്രൈവർ ഉൾപ്പെടെ അഞ്ചിലേറെ യാത്രക്കാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായാണ് വിവരം. അപകടത്തെത്തുടർന്ന് മണിക്കൂറുകളോളം ദേശീയപതയിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു.

വിമാനത്തിന്റെ ചിറകുകളും യന്ത്രഭാഗങ്ങളുമായി ഹൈദരാബാദിലേക്കു പോയ ട്രെയിലറാണ് തിരുവന്തപുരംഭാഗത്തേക്ക് പോകുകയായിരുന്ന ബസിലിടിച്ചത്. ട്രെയിലറിലുണ്ടായിരുന്ന വിമാനത്തിന്റെ ചിറകുകൾ ബസിലേക്ക് ഇടിച്ചുകയറുകയായിരുന്നു. കൂറ്റൻ ചിറകുകൾ ഇടിച്ചതോടെ കെ.എസ്.ആർ.ടി.സി. ബസിന്റെ മുൻഭാഗം പൂർണമായും തകർന്നു.

മുപ്പത് വർഷം ആകാശത്ത് പറന്ന എയർബസ് എ-320 കലാവധി കഴിഞ്ഞതിനാൽ 2018-ൽ തിരുവനന്തപുരം വിമാനത്താവളത്തിലെ ഹാങ്ങർ യൂണിറ്റിന് സമീപത്തെ മൂലയിൽ ഒതുക്കിയിട്ടിരിക്കുകയായിരുന്നു. നാല് വർഷത്തോളം എൻജിനീയറിങ് വിദ്യാർഥികളുടെ പഠനത്തിനായി ഇത് ഉപയോഗിച്ച് വരികയായിരുന്നു. ഇനിയും ഉപയോഗിക്കാനാകില്ലെന്ന് കണ്ടതോടെ ആക്രിയായി വിൽക്കാൻ തീരുമാനിച്ചു. തുടർന്ന് നടന്ന ലേലത്തിൽ പങ്കെടുത്ത ഹൈദരാബാദ് സ്വദേശിയായ ജോഗിന്ദർ സിങ്, 75 ലക്ഷം രൂപക്ക് വിമാനം സ്വന്തമാക്കുകയായിരുന്നു.

വിമാനം പൊളിച്ച് നാല് ട്രെയിലറുകളിലായി കൊണ്ടു പോകുമ്പോഴാണ് അപകടം. ട്രെയിലറിന്റെ ഡ്രൈവർ അപകടത്തെത്തുടർന്ന് വാഹനത്തിൽനിന്ന് ഇറങ്ങി ഓടിയതോടെ വാഹനം നീക്കാൻ കഴിയാതെ വന്നതും പോലീസിന് തലവേദനയായി. തുടർന്ന് ബ്ലോക്കിലകപ്പെട്ട മറ്റൊരു ട്രെയിലർ വാഹനത്തിന്റെ ഡ്രൈവറെത്തിയാണ് കെ.എസ്.ആർ.ടി.സി. ബസിലിടിച്ച് നിന്ന ട്രെയിലർ നീക്കിയത്. ബാലരാമപുരം പൊലീസിന്റെ നേതൃത്വത്തിൽ മണിക്കൂറുകളോളം നടത്തിയ പരിശ്രമത്തിന്റെ ഫലമായി ഗതാഗത കുരുക്കിന് പരിഹാരമായി.




## ഗെയിമിനെച്ചൊല്ലി തർക്കം; മിഗോസ് അംഗമായ റാപ്പർ വെടിയേറ്റ് മരിച്ചു

ടെക്സാസ്: പ്രശസ്ത അമേരിക്കൻ റാപ്പർ ടേക്ക് ഓഫ് വെടിയേറ്റ് മരിച്ചു. അറ്റ്ലാന്റ കേന്ദ്രമായി പ്രവർത്തിക്കുന്ന ഹിപ് ഹോപ് ബാൻഡ് മിഗോസിലെ അംഗമാണ് ടേക്ക് ഓഫ്. തർക്കത്തെ തുടർന്നാണ്

കൊലപാതകമെന്നാണ് പ്രാഥമിക റിപ്പോർട്ട്. ടെക്സാസിലെ ഹൂസ്റ്റണിൽ പുലർച്ചെ രണ്ടരയോടെയാണ് സംഭവം. തലയിലോ കഴുത്തിലോ ആണ് ടേക്ക് ഓഫിന് വെടിയേറ്റതെന്ന് ദൃക്സാക്ഷികളിൽ ഒരാൾ പറഞ്ഞു.

ഹൂസ്റ്റണിലെ വിനോദകേന്ദ്രത്തിൽ ഡൈസ് ഗെയിമുമായി ബന്ധപ്പെട്ട തർക്കത്തിനിടെ സംഭവ സ്ഥലത്തുണ്ടായിരുന്ന ഒരാൾ വെടിയുതിർക്കുകയായിരുന്നു. സംഭവം നടക്കുമ്പോൾ സ്ഥലത്ത് 50ഓളം പേരുണ്ടായിരുന്നു. പരിക്കേറ്റ രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രതികളുമായി ബന്ധപ്പെട്ട ഒരു വിവരവും പോലീസ് നിലവിൽ പുറത്ത് വിട്ടിട്ടില്ല. ബാൻഡ് അംഗവും ടേക്ക് ഓഫിന്റെ അമ്മാവനുമായ ക്വാവോയും ഗെയിമിൽ ഉൾപ്പെട്ടിരുന്നു.

1994 ജൂൺ 18നാണ് ടേക്ക് ഓഫ് ജനിച്ചത്. കിർഷ്നിക് ഖാരി ബാൾ എന്നാണ് ടേക്ക് ഓഫിന്റെ യഥാർഥ നാമം. 2013ലെ 'വെർസേസ്' എന്ന ആൽബത്തോടെയാണ് മിഗോസ് ബാൻഡ് പ്രസിദ്ധമാകുന്നത്. ബാൻഡ് ഈ വർഷമാദ്യം പിരിച്ചുവിട്ടിരുന്നു.



## ലഹരിവിരുദ്ധ ക്യാമ്പയിൻ: ഇതുവരെ പിടികൂടിയത് 1.75 കിലോ MDMA, 158 കിലോ കഞ്ചാവ്; 3071 അറസ്റ്റ്

തിരുവനന്തപുരം: സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിൽ ഇതുവരെ 3,071 പേരെ പോലീസ് അറസ്റ്റ് ചെയ്തു. ഒക്ടോബർ ആറ് മുതൽ നവംബർ ഒന്നുവരെയുള്ള കാലയളവിൽ ലഹരിക്കടത്തുമായി ബന്ധപ്പെട്ട് 2,823 കേസുകൾ രജിസ്റ്റർ ചെയ്തു. 158.46 കിലോ ഗ്രാം കഞ്ചാവ് വിവിധയിടങ്ങളിൽനിന്നായി ഈ കാലയളവിൽ പിടികൂടിയതായും പോലീസ് വാർത്താ കുറിപ്പിൽ വ്യക്തമാക്കി.

ലഹരി കേസുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പേർ അറസ്റ്റിലായത് എറണാകുളം ജില്ലയിലാണ്. 437 പേരാണ് എറണാകുളത്ത് മാത്രം അറസ്റ്റിലായത്. കോട്ടയത്ത് 390 പേരും ആലപ്പുഴയിൽ 308 പേരും ഇക്കാലയളവിൽ അറസ്റ്റിലായി. ഏറ്റവും കുറവ് പേർ പിടിയിലായത് പത്തനംതിട്ടയിലാണ്. 15 പേരാണ് ഇവിടെ അറസ്റ്റിലായത്.

ക്യാമ്പയിൻ കാലയളവിൽ ഏറ്റവും കൂടുതൽ കേസുകൾ (405) രജിസ്റ്റർ ചെയ്തത് എറണാകുളം ജില്ലയിലാണ്. കോട്ടയത്ത് 376 കേസുകളും ആലപ്പുഴയിൽ 296 കേസുകളും കണ്ണൂരിൽ 286 കേസുകളും ക്യാമ്പയിൻ കാലയളവിൽ രജിസ്റ്റർ ചെയ്തു. മലപ്പുറത്ത് 241 കേസുകളാണ് രജിസ്റ്റർ ചെയ്തത്. പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും കുറവ് കേസുകൾ (45).

ക്യാമ്പയിൻ കാലയളവിൽ 158.46 കിലോ കഞ്ചാവാണ് പോലീസ് പിടികൂടിയത്. 1.75 കിലോ എം.ഡി.എം.എയും 872 ഗ്രാം ഹാഷിഷ് ഓയിലും 16.91 ഗ്രാം ഹെറോയ്നും പിടിച്ചെടുത്തു. ഇക്കാലയളവിൽ ഏറ്റവും കൂടുതൽ എം.ഡി.എം.എ പിടിച്ചെടുത്തത് (920.42 ഗ്രാം) പിടിച്ചെടുത്തത് തിരുവനന്തപുരം ജില്ലയിലാണ്. മലപ്പുറം ജില്ലയിൽ 536.22 ഗ്രാമും കാസർഗോഡ് ജില്ലയിൽ 80.11 ഗ്രാമും എം.ഡി.എം.എ പിടികൂടി. കൊല്ലം ജില്ലയിൽ 69.52 ഗ്രാമും കോഴിക്കോട് ജില്ലയിൽ 48.85 ഗ്രാമും എറണാകുളം ജില്ലയിൽ 16.72 ഗ്രാമും എം.ഡി.എം.എ പിടികൂടി. ഇതേകാലയളവിൽ കണ്ണൂർ ജില്ലയിൽ 9.42 ഗ്രാമും തൃശൂർ ജില്ലയിൽ 6.71 ഗ്രാമും എം.ഡി.എം.എയാണ് പിടികൂടിയത്.

ക്യാമ്പയിൻ കാലയളവിൽ ഏറ്റവും കൂടുതൽ കഞ്ചാവ് പിടികൂടിയത് (92.49 കിലോ) കോട്ടയം ജില്ലയിൽ നിന്നാണ്. തൃശൂർ ജില്ലയിൽ 21.83 കിലോയും മലപ്പുറം ജില്ലയിൽ 18.98 കിലോയും കഞ്ചാവ് ഇക്കാലയളവിൽ പിടികൂടി.

# റാഗിങ് പരാതിയിൽ അലൻ ഷുഹൈബ് കസ്റ്റഡിയിൽ; എസ്എഫ്ഐയുടേത് ആസൂത്രിത നീക്കമെന്ന് ആരോപണം



യുഎപിഎ കേസിൽ ജാമ്യത്തിൽ കഴിയുന്ന അലൻ ഷുഹൈബിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. അലൻ ഷുഹൈബിനെതിരെ റാഗിങ് പരാതിയുമായി എസ്എഫ്ഐ രംഗത്തുവന്നു. എസ്എഫ്ഐ പ്രവർത്തകരുടെ പരാതിയിലാണ് അലനെ ധർമടം പൊലീസ് കസ്റ്റഡിയിലെടുത്തത്.കണ്ണൂർ പാലയാട് കാമ്പസിലാണ് വിദ്യാർത്ഥി സംഘർഷമുണ്ടായത്. എസ്എഫ്ഐ പ്രവർത്തകരും സംയുക്ത വിദ്യാർത്ഥി സംഘടനാ പ്രവർത്തകരും തമ്മിലാണ് സംഘർഷമുണ്ടായത്. സംഘർഷത്തിന് പിന്നാലെ അലൻ ഷുഹൈബിനെതിരെ എസ് എഫ് ഐ പ്രവർത്തകർ പരാതിയുമായി പൊലീസിനെ സമീപിക്കുകയായിരുന്നു. ഒന്നാം വർഷ വിദ്യാർത്ഥികളെ സംയുക്ത വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ റാഗ് ചെയ്തെന്നാണ് എസ്എഫ്ഐയുടെ പരാതി. കാമ്പസിലെ നിയമവിദ്യാർത്ഥിയാണ് അലൻ. റാഗിങ്ങിൽ വിദ്യാർത്ഥിക്ക് മർദനമേറ്റെന്നാണ് എസ് എഫ് ഐയുടെ ആരോപണം. സംഘർഷത്തിലുണ്ടായിരുന്ന ചില വിദ്യാർത്ഥികൾ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു.അതേസമയം അലൻ ഷുഹൈബിനെതിരെ എസ്എഫ്ഐ വ്യാജ പരാതി നൽകുകയായിരുന്നെന്നും ആസൂത്രിതമാണെന്നും സംയുക്ത വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ ആരോപിച്ചു.

# സപ്ലൈകോ അരിവണ്ടി ഓടിത്തുടങ്ങി: സബ്സിഡി നിരക്കിൽ അരി പൊതുജനങ്ങളിലേക്ക്




**തിരുവനന്തപുരം** : പൊതു വിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ അരി വണ്ടി യാത്ര തുടങ്ങി. പാളയം മാർക്കറ്റിന് മുന്നിൽ ഭക്ഷ്യമന്ത്രി ജി ആർ അനിൽ ഫ്ളാഗ് ഓഫ് ചെയ്തു. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ബുധനാഴ്ച അരി വണ്ടി തുടങ്ങിയത്. കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ തുടർന്നുള്ള ദിവസങ്ങളിൽ ആരംഭിക്കും.സപ്ലൈകോയുടെ മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ് ഇല്ലാത്ത താലൂക്ക്, പഞ്ചായത്ത് കേന്ദ്രങ്ങളിലാണ് അരി വണ്ടി സഞ്ചരിക്കുന്നത്. സംസ്ഥാനത്തെ 500 കേന്ദ്രങ്ങളിൽ എത്തും. ഒരുതാലൂക്കിൽ രണ്ട് ദിവസം വീതം എന്നരീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. അരി വാങ്ങുന്നതിന് റേഷൻ കാർഡ് ഹാജരാക്കണമെന്ന് മന്ത്രി പറഞ്ഞു.ജയ , കുറുവ, മട്ട, പച്ചരി എന്നീ നാലുഇനങ്ങളിലായി 1കിലോ അരി വാങ്ങിക്കാം. എല്ലാകാർഡുകാർക്കും അരി ലഭിക്കും. ജയ അരി - 25 രൂപ, കുറുവ- 25 , മട്ട - 24 ,പച്ചരി-25 എന്നിങ്ങനെയാണ് വില. നാല് ഇനങ്ങളുംകൂടി റേഷൻ കാർഡൊന്നിന് 10 കിലോ അരി ലഭിക്കും. കിലോയ്ക്ക് 10.90 രൂപ നിരക്കിൽ വെള്ള , നീല കാർഡുകൾക്ക് എട്ടുകിലോ അരി റേഷൻ കട വഴിയും വിതരണം ആരംഭിച്ചിട്ടുണ്ട്.



## സോൾട്ട് ആന്റ് പെപ്പറിലൂടെ ശ്രദ്ധേയനായ നടൻ കേളു അന്തരിച്ചു

സോൾട്ട് ആന്റ് പെപ്പർ സിനിമയിലൂടെ ശ്രദ്ധേയനായ നടൻ മൂപ്പൻ വരയാൽ നിട്ടാനി കേളു അന്തരിച്ചു. 90 വയസായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്നായിരുന്നു അന്ത്യം.സോൾട്ട് ആന്റ് പെപ്പറിലെ മൂപ്പന്റെ വേഷം ചെയ്തത് കേളുവായിരുന്നു. ഈ സിനിമയ്ക്ക് പുറമെ പഴശിരാജ, ഉണ്ട, ബ്ലാക്ക് കോഫി എന്നീ ചിത്രങ്ങളിലും കേളു അഭിനയിച്ചിട്ടുണ്ട്. സംസ്കാരം ബുധനാഴ്ച വൈകീട്ട് കൽപറ്റയിലെ വീട്ടുവളപ്പിൽ നടക്കും.ഭാര്യ മീനാക്ഷി. മക്കൾ- പുഷ്പ, രാജൻ, മണി, രമ

# മ്യൂസിയം ആക്രമണ കേസിലെ പ്രതി ഉപയോഗിച്ചത് സർക്കാർ വാഹനം ; പൊലീസിന് വീഴ്ച്ച പറ്റി ; കെ സുരേന്ദ്രൻ




മ്യൂസിയം ആക്രമണ കേസിലെ പ്രതി ഉപയോഗിച്ചത് സർക്കാർ വാഹനമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ. മന്ത്രി റോഷി അഗസ്റ്റിന്റെ പേഴ്സണൽ സ്റ്റാഫിന്റെ ഡ്രൈവർ മ്യൂസിയത്തിനകത്ത് യുവതിയെ ആക്രമിച്ച സംഭവത്തിൽ പൊലീസിന്റെ ഭാഗത്ത് ഉണ്ടായിരിക്കുന്നത് ഗുരുതരമായ അനാസ്ഥയാണെന്ന് കെ സുരേന്ദ്രൻ പറഞ്ഞു.ഇയാളാണ് നേരത്തെ കുറുവൻകോണത്തെ വീട്ടിൽ കയറി മറ്റൊരു സ്ത്രീയെ പീഡിപ്പിക്കാൻ ശ്രമം നടത്തിയത്. പ്രതിയ്ക്ക് പൊലീസിന്റെ ഭാഗത്ത് നിന്ന് സംരക്ഷണം ലഭിച്ചോ എന്നത് അന്വേഷിക്കേണ്ട കാര്യമാണെന്ന് കെ സുരേന്ദ്രൻ പറഞ്ഞു. സംഭവത്തിൽ അഭ്യന്തര വകുപ്പ് മറുപടി പറയണം.എങ്ങനെയാണ് ഇത്തരം പ്രതികളെ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെടുത്തുന്നത്. സർക്കാർ വാഹനമാണ് പ്രതി ഉപയോഗിച്ചിരിക്കുന്നത്. പ്രതി ഒളിച്ചിരിക്കുന്ന സ്ഥലത്തെ ക്കുറിച്ച് അറിഞ്ഞിട്ടും അതിനെ പറ്റി അന്വേഷിക്കാൻ പൊലീസ് തയ്യാറായില്ല.പൊലീസിന്റെ ഭാഗത്ത് ഗുരുതര വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്ത് സ്ത്രീ സുരക്ഷ വാക്കിൽ മാത്രമാണെന്നും സുരേന്ദ്രൻ വിമർശിച്ചു.പെൻഷൻ പ്രായം അറുപത് ആക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിന്നോട്ട് പോയത് യുവാക്കളുടെയും ജനങ്ങളുടെയും പ്രതിഷേധങ്ങളുടെ ഭാഗമായാണ്. അല്ലാതെ സർക്കാരിന് എന്തെങ്കിലും സൽബുദ്ധി തോന്നിയത് കൊണ്ടല്ല. പ്രായം ഉയർത്തുന്നത് കേരളത്തിൽ നടപ്പാക്കാൻ പറ്റില്ല. യുവജന രോഷം അത്രയ്ക്കും ശക്തമാണെന്നും സുരേന്ദ്രൻ വ്യക്തമാക്കി.

# പൊതുപരിപാടിയിൽ കൈക്കുഞ്ഞുമായി കളക്ടർ ദിവ്യ എസ് അയ്യർ; വിമർശനങ്ങൾക്ക് മറുപടിയുമായി കെ.എസ് ശബരീനാഥൻ




പൊതുപരിപാടിക്കിടെ കൈക്കുഞ്ഞുമായി വേദിയിലെത്തിയ പത്തനംതിട്ട കളക്ടർ ഡോ.ദിവ്യ എസ് അയ്യർക്ക് വിമർശനം. ആറാമത് അടൂർ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ സമാപന വേദിയിലാണ് കളക്ടർ കുഞ്ഞുമായി എത്തിയത്. കളക്ടർ പരിപാടിയെ തമശയായി കണ്ടെന്നും അനുകരണീയമല്ലെന്നുമുള്ള വിമർശനങ്ങൾക്ക് കളക്ടറുടെ ഭർത്താവും യൂത്ത് കോൺഗ്രസ് നേതാവുമായ കെ എസ് ശബരീനാഥൻ രംഗത്തെത്തി.ഗാനരചയിതാവ് രാജീവ് ആലുങ്കൽ, എംഎൽഎ ചിറ്റയം ഗോപകുമാർ തുടങ്ങി നിരവധി പേരാണ് കളക്ടർക്കെതിരെ വിമർശനം ഉന്നയിച്ചത്. ‘ഇത് അനുകരണീയമല്ല, കളക്ടർ തീരെ ഔചിത്യമില്ലാതെ ഒരു തമാശക്കളിയായാണ് ഈ പരിപാടിയെ കണ്ടത്. ഇതവരുടെ വീട്ടുപരിപാടിയല്ല. ഓവറാക്കി ചളമാക്കി’ എന്നായിരുന്നു രാജീവ് ആലുങ്കലിന്റെ ഫേസ്ബുക്ക് കമന്റ്. കുഞ്ഞുമായി വേദിയിൽ നിൽക്കുന്ന കളക്ടറുടെ വിഡിയോ പോസ്റ്റ് ചെയ്ത ചിറ്റയം ഗോപകുമാറിനും കെ എസ് ശബരീനാഥൻ മറുപടി നൽകി.ആകെയുള്ള ഞായറാഴ്ച അവധി ദിനത്തിൽ ഔദ്യോഗിക സ്വഭാവമില്ലാത്ത പരിപാടിയിലാണ് കുഞ്ഞിനെ കൊണ്ടുവന്നതെന്നും കുട്ടി അമ്മയുടെ പിറകെ പോയാൽ പറ്റില്ലെന്ന് പറയാനാകുമോ എന്നും ചിറ്റയം ഗോപകുമാറിന്റെ വിഡിയോയ്ക്ക് കമന്റായി ശബരീനാഥൻ ചോദിച്ചു. കമന്റിന്റെ പൂർണരൂപം:

‘വിഡിയോ പോസ്റ്റ് ചെയ്തതിന് നന്ദി. ആറു ദിവസവും ജോലി ചെയ്ത് ആകെയുള്ള ഞായറാഴ്ച അവധി ദിനത്തിൽ ഔദ്യോഗിക സ്വഭാവം ഇല്ലാത്ത ഒരു പ്രോഗ്രാമിൽ ക്ഷണം സ്വീകരിച്ചുപോയപ്പോൾ കുഞ്ഞിനെ കൊണ്ടുപോകുന്നത് അരോചമല്ല കവി. പിന്നെ അവധി ദിവസം അവൻ അമ്മയുടെ പുറകെ നടന്നാൽ പറ്റില്ല എന്ന് പറയാൻ കഴിയുമോ? ഇവിടെ യുണൈറ്റഡ് നേഷനിലും വിദേശത്തെ ജനപ്രതിനിധി സഭകളിലും വനിതകൾ കൈക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നുണ്ട്. ലോകം മാറുകയാണ് നമ്മളും..’




## കെയർ ടേക്കർ താത്ക്കാലിക ഒഴിവ്

**തൃശ്ശൂർ** :ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ കെയർ ടേക്കർ (മെയിൽ) തസ്തികയിൽ താത്കാലിക ഒഴിവുണ്ട്. പ്ലസ് ടു/ തത്തുല്യം, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ജൂവനൈൽ ജസ്റ്റിസ് ആക്ടിനു കീഴിലുള്ള ഏതെങ്കിലും ചൈൽഡ് കെയർ സ്ഥാപനത്തിൽ/ അനാഥാലയത്തിൽ കെയർഗീവർ/ കെയർടേക്കർ തസ്തികയിലുള്ള ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നിവയാണു യോഗ്യതകൾ. വനിതകളും ഭിന്നശേഷിക്കാരും അർഹരല്ല. പ്രായ പരിധി 18നും 41നും മദ്ധ്യേ (as on 01.01.2022). നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ നവംബർ 19നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണം.

# കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 100 പവൻ സ്വർണം പൊലീസ് പിടികൂടി



**കരിപ്പൂർ** :വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 42 ലക്ഷം രൂപയുടെ സ്വർണം പൊലീസ് പിടികൂടി. സംഭവത്തിൽ ഒരാൾ അറസ്റ്റിലായി. ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളത്തിലെത്തിയ കോഴികോട് പയ്യോളി സ്വദേശി റസാഖ് (52) ആണ് പിടിയിലായത്. ശരീരത്തിനകത്ത് 800 ഗ്രാം സ്വർണ്ണം മിശ്രിത രൂപത്തിലാക്കി 3 കാപസ്യൂളുകളായി ഒളിപ്പിച്ച് കടത്താനാണ് ഇയാൾ ശ്രമിച്ചത്.ഇന്ന് രാവിലെ 8 മണിക്ക് ദുബായിൽ നിന്നെത്തിയ എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലാണ് (കത 344) റസാഖ് കോഴിക്കോട് വിമാനത്താവളത്തിൽ എത്തിയത്. കസ്റ്റംസ് പരിശോധനയ്ക്ക് ശേഷം 8.40 മണിയോടെ വിമാനത്താവളത്തിന് പുറത്തിറങ്ങിയ റസാഖിനെ നിരീക്ഷിച്ചുകൊണ്ട് പുറത്ത് പൊലീസുണ്ടായിരുന്നു. പുറത്തെത്തിയ റസാഖ് തന്നെ കൊണ്ട് പോവാൻ വന്ന സുഹൃത്തുക്കളോടൊപ്പം കാറിൽ കയറി പുറത്തേക്ക് പോകും വഴി സീറോ പോയിന്റിൽ വച്ചാണ് പിടിയിലാകുന്നത്. മലപ്പുറം ജില്ലാ പോലീസ് മേധാവി ശ്രീ.എസ്.സുജിത് ദാസ് ഐപിഎസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് റസാഖിനെ പൊലീസ് കസ്റ്റഡിയിലെടുത്തത്.ആദ്യഘട്ട ചോദ്യം ചെയ്യലിൽ കുറ്റം സമ്മതിക്കാൻ റസാഖ് വിസമ്മതിച്ചിരുന്നു. തുടർന്ന് ഇയാളുടെ ദേഹവും ലഗേജും പൊലീസ് വിശദമായി പരിശോധിച്ചു. എന്നാൽ സ്വർണ്ണം കണ്ടെത്താനായില്ല. തുടർന്ന് റസാഖിനെ സ്വകാര്യ ആശുപത്രിയിലെത്തിച്ച് വിശദമായ വൈദ്യ പരിശോധനക്ക് വിധേയമാക്കുകയായിരുന്നു. എക്സറേ പരിശോധനയിൽ റസാഖിന്റെ വയറിനകത്ത് സ്വർണ്ണ മിശ്രിതമടങ്ങിയ 3 കാപ്സ്യൂളുകൾ കണ്ടെത്തുകയുമായിരുന്നു.സ്വർണം സ്വീകരിക്കാൻ എയർപോർട്ടിൽ ആളുകൾ വരുമെന്നായിരുന്നു റസാഖിനെ ദുബായിൽ നിന്നും സ്വർണം കൊടുത്തുവിട്ടവർ അറിയിച്ചിരുന്നത്. റസാഖിനെ വിശദമായി ചോദ്യം ചെയ്ത് വരികയാണ്. സ്വർണകടത്തിന് പിന്നിലുള്ളവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. പിടിച്ചെടുത്ത സ്വർണ്ണം കോടതിയിൽ സമർപ്പിക്കും, അതൊടൊപ്പം തുടരന്വേഷണത്തിനായി വിശദമായ റിപ്പോർട്ട് കസ്റ്റംസിനും സമർപ്പിക്കും.

# ഭർത്താവിന്റെ സമ്മതമില്ലാതെ തന്നെ മുസ്ലിം സ്ത്രീക്ക് വിവാഹമോചനം നേടാൻ അവകാശമുണ്ട് : ഹൈക്കോടതി

ഭർത്താവിന്റെ സമ്മതമില്ലാതെ തന്നെ മുസ്ലിം സ്ത്രീക്ക് വിവാഹമോചനം നേടാൻ അവകാശമുണ്ടെന്ന് ഹൈക്കോടതി. ഇതു സംബന്ധിച്ച് നേരത്തെയുള്ള കോടതി ഉത്തരവ് പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഹർജി തള്ളിയാണ് ഡിവിഷൻ ബെഞ്ചിന്റെ വിധി. ഖുല ഉൾപ്പെടെ കോടതിക്കു പുറത്തുള്ള വിവാഹമോചനത്തിന് മുസ്ലിം സ്ത്രീകൾക്ക് അവകാശമുണ്ടെന്നും ഹൈക്കോടതി വ്യക്തമാക്കി. ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് സി.എസ്. ഡയസ് എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റേതാണ് വിധി. മുസ്ലിം സ്ത്രീക്ക് വിവാഹ ബന്ധം അവസാനിപ്പിക്കാൻ സമ്പൂർണ അവകാശമുണ്ട്. ഇക്കാര്യത്തിൽ ഭർത്താവിന്റെ സമ്മതം വേണ്ട. സ്ത്രീക്ക് വിവാഹ മോചനം നേടാൻ ഭർത്താവിനോട് തലാഖ് ആവശ്യപ്പെടണമെന്നും ഖുല പോലുള്ള മാർഗങ്ങൾ സമ്പൂർണ അവകാശം സ്ത്രീക്കു നൽകുന്നില്ലെന്നുമായിരുന്നു ഹർജിക്കാരുടെ വാദം. തലാഖ് ആവശ്യം ഭർത്താവ് നിരസിച്ചാൽ ഖാസിയെയോ കോടതിയെയോ ആണ് സമീപിക്കേണ്ടതെന്നും ഹർജിക്കാരൻ വാദിച്ചു. പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനമായ ഖുലയ്ക്കു ഭർത്താവിന്റെ അനുമതി വേണമെന്നും അറിയിച്ചു.എന്നാൽ മുസ്ലിം സ്ത്രീക്ക് അനുവദിച്ചിരിക്കുന്ന വിവാഹ മോചന മാർഗത്തിന് ഭർത്താവിന്റെ സമ്മതവുമായി ബന്ധമില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. തലാഖ് ആവശ്യം ഭർത്താവ് നിരസിച്ചാൽ മുസ്ലിം സ്ത്രീക്ക് വിവാഹ മോചനം നേടാൻ മാർഗമെന്തെന്ന് ഖുർആനിലും സുന്നയിലും വ്യക്തമാക്കുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

## തൊഴുത്തിൽ കെട്ടിയിട്ട കന്നുകാലികളുടെ വാലുകൾ അറുത്തിട്ട നിലയിൽ

**മലപ്പുറം** ചോക്കാട് കന്നുകാലികളോട് ക്രൂരത. തൊഴുത്തിൽ കെട്ടിയിട്ട കന്നുകാലികളുടെ വാലുകൾ അറുത്തിട്ട നിലയിൽ. ചോക്കാട് സ്വദേശികളുടെ കാലികളുടെ വാലുകളാണ് മുറിച്ചിട്ട നിലയിൽ കാണപ്പെട്ടത്.തിങ്കളാഴ്ച രാവിലെയാണ് വലിയപറമ്പിലെ പെരുക്കാടൻ നാസർ വളർത്തുന്ന കാളയുടെ വാല് മുറിഞ്ഞ് കിടക്കുന്നത് കണ്ടത്. ഉടൻ തന്നെ മാളിയേക്കൽ വെറ്ററിനറി സബ് സെന്ററിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പി നീലകണ്ഠൻ സ്ഥലത്തെത്തി കാളയുടെ വാലിൽ മരുന്ന് വെച്ച് കെട്ടി. പത്ത് മണിക്ക് ശേഷമാണ് സമീപത്ത് തന്നെയുള്ള കുന്നുമ്മൽ ശിഹാബിന്റെ പോത്തിന്റെ വാലും മുറിച്ചിട്ടതായി കാണപ്പെട്ടത്. രണ്ട് കാലികളുടേയും വാലുകൾ മുറിച്ച് തൊട്ടടുത്ത് തന്നെ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു.മരുന്ന് വെച്ച് കെട്ടിയിട്ടുണ്ടെങ്കിലും മൃഗങ്ങളോടുള്ള ക്രൂരതയിൽ നാട്ടുകാർക്കിടയിൽ പ്രതിഷേധത്തിനും ആശങ്കയ്ക്കും കാരണമായിട്ടുണ്ട്.

# കാർ വീട്ടുമുറ്റത്തെ കിണറ്റിൽ വീണ അപകടത്തിൽ അച്ഛന് പിറകെ മകനും മരിച്ചു

**ആലക്കോട് (കണ്ണൂർ)** : നെല്ലിക്കുന്നിൽ കാറ് കിണറിലേക്ക് വീണ് ഒരാൾ മരിച്ചു. താരാമംഗലത്ത് മാത്തുക്കുട്ടി (58) ആണ് മരിച്ചത്. മകൻ ബിൻസി (17) നെ ഗുരുതര പരിക്കുകളോടെ കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ 10.15നാണ് അപകടം. വീട്ടിൽ നിന്നും കാറ് പുറത്തേക്കെടുത്തപ്പോൾ നിയന്ത്രണം വിട്ട് കിണറിലേക്ക് പതിക്കുകയായിരുന്നു. മരണപ്പെട്ട മാത്തുക്കുട്ടി ഇന്നലെ സ്ഥാനാരോഹണം ചെയ്ത മാനന്തവാടി രൂപതാ സഹായമെത്രാൻ അലക്സ് താരാമംഗലത്തിന്റെ സഹോദരനാണ്.ആലക്കോട് (കണ്ണൂർ) നെല്ലിക്കുന്നിൽ കാറ് നിയന്ത്രണം വിട്ട് കിണറിലേക്ക് മറിഞ്ഞ് പിതാവും മകനും മരിച്ചു. താരാമംഗലത്ത് മാത്തുകുട്ടി (58), മകൻ വിൻസ് മാത്യു (18) എന്നിവരാണ് മരിച്ചത്. ബുധൻ രാവിലെ 10.15നാണ് അപകടം. വീട്ടിൽ നിന്നും കാറ് പുറത്തേക്കെടുത്തപ്പോൾ നിയന്ത്രണം വിട്ട് വീട്ട് മുറ്റത്തുള്ള കിണറിലേക്ക് പതിക്കുകയായിരുന്നു. കുടുംബവുമൊത്ത് പുറത്ത് പോകാനായി പിതാവിനെയും കയറ്റി പോർച്ചിൽ നിന്നും കാറെടുത്ത വിൻസ് വീട്ട് മുറ്റത്ത് നിന്നും വാഹനം തിരിക്കുമ്പോൾ നിയന്ത്രണം വിടുകയായിരുന്നു. പിന്നിലേക്ക് ഗിയർ മാറ്റി എടുത്ത വാഹനം മുന്നിലേക്ക് കുതിച്ച് ആൾമറയും തകർത്ത് തലക്കുത്തനെ കിണറിൽ പതിക്കുകയായിരുന്നു.വലിയ ശബ്ദം കേട്ട് വീട്ടിലുള്ളവർ നോക്കുമ്പോൾ കാർ കിണറിൽ പൂർണ്ണമായും വെള്ളത്തിൽ പതിച്ചതായാണ് കാണുന്നത്. ഇവരുടെ നിലവിളിക്കേട്ട് ഓടിയെത്തിയ അയൽവാസികളിൽ ഒമ്പത് കോൽ താഴ്ചയുള്ള കിണറിൽ ചാടി ഇറങ്ങി പിൻഭാഗത്തെ ഗ്ലാസ് പൊട്ടിച്ച് പിൻ സീറ്റിലുണ്ടായിരുന്ന മാത്യുകുട്ടിയെ അതി സാഹസികമായി പുറത്തെടുത്തു. സീറ്റു ബെൽറ്റുൾപ്പടെ ധരിച്ച് ഡ്രൈവിങ്ങ് സീറ്റിലുണ്ടായിരുന്ന വിൻസിനെ പുറത്തെടുക്കാൻ ഏറെ പ്രയാസപ്പെടേണ്ടിവന്നു. പൂർണ്ണമായും വെള്ളത്തിൽ മുങ്ങി കിടന്ന കാർ തൊട്ടടുത്ത വീടുകളിൽ നിന്നും കയറുകൾ കൊണ്ട് വന്ന് അല്പം മുകളിലേക്ക് വലിച്ച് പൊക്കിയാണ് വിൻസിനെ പുറത്തെടുത്തത്. മാത്യുവിനെ പുറത്തെടുക്കുമ്പോൾ ചെറിയ അനക്കം ഉണ്ടായിരുന്നുവെങ്കിലും വഴിമദ്ധ്യേ മരണപ്പെട്ടു. മാത്യുവിനെ പുറത്തെടുത്ത് അരമണിക്കൂറിന് ശേഷമാണ് വിൻസിനെ പുറത്തെത്തിക്കാൻ സാധിച്ചത്.തുടർന്ന് ആലക്കോട് സർവ്വീസ് സഹകരണ ആശുപത്രിയിലും അതീവ ഗുരുതരാവസ്ഥയിൽ കണ്ണൂർ മെഡിക്കൽ കോളേജ് വെന്റിലേറ്ററിലും പ്രവേശിപ്പിക്കുകയായിരുന്നു. നേരിയ പൾസുണ്ടായിരുന്ന വിൻസ് വൈകിട്ട് 3. 45ന് മരണത്തിന് കീഴടങ്ങി. പ്ലസ്ടു പരീക്ഷ പാസ്സായി ഉപരിപഠനത്തിനായി ഒരുങ്ങുകയാണ് വിൻസ്. ഇരു മ്റ്റ്ധേഹങ്ങളും മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. സംസ്കാരം: വ്യാഴം വൈകിട്ട് നാല് മണിക്ക് പാത്തൻപാറ സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. ഉദയഗിരി പല്ലാട്ട് കുടുംബാംഗം ഷൈജയാണ് മാത്യുവിന്റെ ഭാര്യ. മറ്റ് മക്കൾ: ആൻസ്, ലിസ് (നേഴ്സ്, ജർമിനി), ജിസ് (എംടെക് വിദ്യാർത്ഥിനി, ജർമിനി). മരുമകൻ: ആൽബിൻ ജോസ് (തെക്കേപ്പറമ്പത്ത്, ബാലപുരം). സഹോദരങ്ങൾ: ജോയി, അലക്സ് താരാമംഗലം ( മാനന്തവാടി രൂപതാ സഹായമെത്രാൻ).









# യുവത്വത്തെ ലഹരിക്കുരുക്കിൽ തളച്ചിടാൻ അനുവദിക്കരുത്: മന്ത്രി വി ശിവൻകുട്ടി

നാടിന്റെ വളർച്ചയിൽ മുതൽക്കൂട്ടാകേണ്ട യുവത്വത്തെ ലഹരിക്കുരുക്കിൽ തളച്ചിടാൻ അനുവദിക്കരുതെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. 'ലഹരിമുക്ത നവകേരളം' എന്ന സന്ദേശമുയർത്തി പൊതുവിദ്യാഭ്യാസ-എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംഘടിപ്പിച്ച സൈക്കിൾ റാലിയുടെ സമാപനം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികൾ ലഹരിയുടെ തെറ്റായ വഴിയിൽ സഞ്ചരിക്കാതിരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക കരുതൽ വേണമെന്നും മന്ത്രി ഓർമിപ്പിച്ചു. ഒകോടോബർ 25 ന് കാസർഗോഡ് നിന്ന് ആരംഭിച്ച യാത്രയാണ് തിരുവനന്തപുരത്ത് സമാപിച്ചത്.പൊതുവിദ്യാഭ്യാസ ഡയറക്ടറും കെ.എസ്.ബി.എസ്.ജി സ്റ്റേറ്റ് ചീഫ് കമ്മിഷണറുമായ കെ. ജീവൻബാബു അധ്യക്ഷതവഹിച്ചു. ജാഥാ ക്യാപ്റ്റൻ ഷീല ജോസഫ് കുട്ടികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സൈക്കിൾ റാലിയുടെ ഭാഗമായി ഫ്ളാഷ്മോബ് ഉൾപ്പെടെയുള്ള വിവിധ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചു. എക്സൈസ് വകുപ്പ് ഡെപ്യൂട്ടി കമ്മിഷണർ ബാബു വർഗ്ഗീസ്, തിരുവനന്തപുരം ഡി.ഡി.ഇ വാസു സി.കെ, തിരുവനന്തപുരം ഡി.ഇ.ഒ സുരേഷ് ബാബു, തിരുവനന്തപുരം സൗത്ത് എ.ഇ.ഒ ആർ.ഗോപകുമാർ, കണിയാപുരം എ.ഇ.ഒ എ. ഷീജ, കെ.എസ്.ബി.എസ്.ജി സ്റ്റേറ്റ് സെക്രട്ടറി പ്രഭാകരൻ എൻ.കെ തുടങ്ങിയവർ പ്രസംഗിച്ചു.



# അടിമാലിയിൽ സ്കൂൾ ബസും പൊലീസ് ജീപ്പും കൂട്ടിയിടിച്ച് അപകടം; അഞ്ച് പൊലീസുകാർക്ക് പരുക്ക്

**അടിമാലി :**ശല്യംപാറയിൽ സ്കൂൾ ബസും പൊലീസ് ജീപ്പും കൂട്ടിയിടിച്ച് അപകടം. ഇടുക്കി പൊലീസ് ക്യാമ്പിൽ നിന്ന് ശാന്തൻപാറയ്ക്ക് ഇൻസ്പെക്ഷന് പോയ ജീപ്പും അടിമാലി വിശ്വദീപ്തി സ്കൂളിലെ ബസുമാണ് അപകടത്തിൽ പ്പെട്ടത്.അപകടത്തിൽ പൊലീസ് ജീപ്പിൽ ഉണ്ടായിരുന്ന അഞ്ച് പേർക്ക് പരുക്കേറ്റു. ഒരു വനിതാ കോൺസ്റ്റബിളും നാല് പൊലീസുകാരുമാണ് ജീപ്പിൽ ഉണ്ടായിരുന്നത്. വനിതാ പൊലീസിനെ കോട്ടയം മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയി. ബാക്കി പൊലീസുകാരേ അടിമാലി താലൂക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽ വിദ്യാർത്ഥികൾക്ക് പരുക്കില്ല.

# പരപ്പ ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്ക് തുടങ്ങി

ക്ഷീര കർഷകർക്ക് താങ്ങായി പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ മൊബൈൽ വെറ്ററിനറി ക്ലിനിക് സേവനം ആരംഭിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന പരപ്പ ബ്ലോക്കിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനായാണ് മൊബൈൽ വെറ്ററിനറി ക്ലിനിക് ആരംഭിച്ചത്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് ക്ലിനിക്ക് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പശുക്കളുടെ അടിയന്തിര ചികിത്സക്കായുള്ള ഡോക്ടറുടെ സേവനം അവരുടെ വീടുകളിൽ ലഭിക്കുന്ന തരത്തിലാണ് മൊബൈൽ വെറ്ററിനറി ക്ലിനിക്കിന്റെ പ്രവർത്തനം. ചൊവ്വാഴ്ച മുതൽ ക്ലിനിക്കിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കും. ക്ഷീര സംഘങ്ങൾ വഴി കർഷകരിലേക്ക് മൊബൈൽ ക്ലിനിക്കുകൾ സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കും. അടിയന്തിര ചികിത്സ ആവശ്യമായ ഘട്ടങ്ങളിൽ പകൽ സമയം 7025643239, രാത്രി സമയങ്ങളിൽ 9744205815 എന്നീ നമ്പറുകളിൽ ഡോക്ടർമാരുടെ സേവനത്തിനായി വിളിക്കാം. പരപ്പ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.എം. രാജഗോപാലൻ എംഎൽഎ മൊബൈൽ ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ലക്ഷ്മി അധ്യക്ഷയായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാരായ ടി.കെ.രവി, പ്രസന്ന പ്രസാദ്, ഗിരിജ മോഹനൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ഭൂപേഷ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്മാരായ പി.ദാമോദരൻ, എം.രാധാമണി, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻമാരായ പി.വി.ചന്ദ്രൻ, രജനി കൃഷ്ണൻ, പദ്മ കുമാരി, അന്നമ്മ മാത്യു, ക്ഷീര വികസന ഓഫീസർ പി.വി.മനോജ് കുമാർ, ക്ഷീരോൽപ്പാദക സംഘം പ്രസിഡന്റുമാരായ സി.ജെ.തോമസ്, പി.രാജകുമാരൻ നായർ, പി.രാജൻ, എൻ.രാജ്മോഹൻ തുടങ്ങിയവർ പങ്കെടുത്തു. സീനിയർ വെറ്ററിനറി സർജൻ ഡോ.സി.ഡി. ജോസ് പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി.കെ.സുമേഷ് കുമാർ സ്വാഗതവും ഡോക്ടർ വിശലക്ഷ്മി നന്ദിയും പറഞ്ഞു.

# സ്പോർട്സ് സ്കൂളുകൾക്ക് പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കും: മുഖ്യമന്ത്രി

സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകൾക്കു പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള ചുമതല എസ്.സി.ഇ.ആർ.ടിക്ക് നൽകും. ചോദ്യപേപ്പർ നിർമ്മാണവും അച്ചടിയും, പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിന് പരീക്ഷാഭവനെ ചുമലപ്പെടുത്തും. സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് ഒരു മാസത്തിനുള്ളിൽ നിയമനം നടത്തും. സ്പോർട്സ് റസിഡൻഷ്യൽ സ്കൂൾ സംവിധാനത്തിൽ പ്രവർത്തിക്കാൻ താൽപര്യവും അഭിരുചിയുമുള്ള അധ്യാപകരെ കണ്ടെത്തി ഒരു മാസത്തിനകം സ്പോർട്സ് സ്കൂളുകളിൽ പുനർവിന്യസിക്കും.സ്പോർട്സ് സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഹെഡ് ക്ലർക്ക്, നാല് ക്ലർക്ക്, ഒരു റെക്കോർഡ് അറ്റൻഡർ, മൂന്ന് ഓഫീസ് അറ്റൻഡന്റ് എന്നിവരെ കായിക വകുപ്പിൽ നിന്ന് പുനർവിന്യാസം നടത്തി രണ്ട് ആഴ്ചക്കകം നിയമിക്കും. സ്പോർട്സ് സ്കൂളിലും ഹോസ്റ്റലുകളിലും അനുവദനീയമായ എണ്ണം കുട്ടികളെ പ്രവേശിപ്പിക്കും. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകാവുന്ന സ്ഥിതി സൃഷ്ടിക്കും. സ്പോർട്സ് ഹോസ്റ്റലുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ കുട്ടികളെ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റിക്രൂട്ട് ചെയ്യും.യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, കായിക വകുപ്പ് മന്ത്രി വി. അബ്ദു റഹ്മാൻ എന്നിവരും ഉദ്യോഗസ്ഥരും പങ്കെടുത്തു.





# ബിജെപി എറണാകുളം ജില്ലാ പ്രസിഡന്റായി കെ.എസ്.ഷൈജു

എറണാകുളം:ബിജെപി എറണാകുളം ജില്ലാ പ്രസിഡന്റായി കെ.എസ്. ഷൈജുവിനെ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ നാമനിർദേശം ചെയ്തു. നിലവിൽ ബിജെപി എറണാകുളം ജില്ലാ ജനറൽ സെക്രട്ടറിയാണ് ഷൈജു.എസ്.ജയകൃഷ്ണന്റെ രാജിവച്ചതിനെ തുടർന്നാണ് പുതിയ ജില്ലാ പ്രസിഡന്റിനെ നാമനിർദേശം ചെയ്തത്. കാര്യശേഷിയില്ലായ്മ ചൂണ്ടിക്കാട്ടിയാണ് ജയകൃഷ്ണന്റെ രാജി ചോദിച്ചു വാങ്ങിയത്.ഒക്ടോബർ 20നായിരുന്നു ജയകൃഷ്ണൻ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രന് രാജിക്കത്ത് തപാലിൽ അയച്ചത്. ജില്ലാ പ്രസിഡന്റിന്റെ കാലാവധി ഡിസംബറിൽ അവസാനിക്കാനിരിക്കെയായിരുന്നു രാജി. മാസങ്ങളായി ജയകൃഷ്ണൻ പാർട്ടി പ്രവർത്തനങ്ങളിൽ സജീവമായിരുന്നില്ല. പാർട്ടി ജില്ലാ ഘടകവും നിർജീവമായ അവസ്ഥയിലായിരുന്നു.

# മികച്ച ഹരിത ഓഫീസിന് ജില്ല ശുചിത്വമിഷൻ പുരസ്കാരം നൽകും

നവംബർ 15നകം സിവിൽ സ്റ്റേഷനില മുഴുവൻ ഓഫീസുകളും ഹരിത ഓഫീസുകളാക്കുന്നു. സിവിൽ സ്റ്റേഷൻ വളപ്പ് ശുചീകരണം അവലോകന യോഗത്തിന്റെതാണ് തീരുമാനം. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ഓഫീസിന് ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ പുരസ്കാരവും നൽകും. ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് അധ്യക്ഷത വഹിച്ചു. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്- ഡിസ്പോസിബിൾ വസ്തുക്കളുടെ നിരോധനം, പ്രകൃതി സൗഹൃദ പാത്രങ്ങൾ സജ്ജീകരിക്കൽ, ഉപയോഗ ശൂന്യമായ ഫർണിച്ചറുകളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യൽ, ജൈവ-അജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ, ലഭ്യമായ സ്ഥലത്ത് ജൈവ പച്ചക്കറി തോട്ടവും പൂന്തോട്ടവും സജ്ജീകരിക്കൽ, കാന്റീനും ഭക്ഷണമുറിയും ഹരിതാഭമാക്കൽ, ജലം മിതമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം, വൈദ്യുതി ലാഭിക്കൽ, പൊടിരഹിത ഓഫീസ്, ശുചിമുറി സൗഹൃദമായ ഓഫീസ് സംവിധാനം തുടങ്ങിയ ക്രമീകരണങ്ങൾ ഹരിത ഓഫീസുകളിലുണ്ടാകണം. ഓഫീസ് മേലധികാരികൾ ഇവ ഉറപ്പുവരുത്തും. നവംബർ 7ന് ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ പരിശോധന നടത്തും. ടോയ്ലറ്റ് ശുചീകരണത്തിന്റെ ഭാഗമായി പൊതു ടോയ്ലറ്റ് ഒഴുകെ ബാക്കിയുള്ളവ ഉപയോഗശേഷം പൂട്ടി വെക്കാനും തീരുമാനമായി. നവംബർ ഏഴിനകം പോലീസ്, റവന്യൂ, ആർ.ടി.ഒ തുടങ്ങിയ വകുപ്പുകൾ വിവിധ കേസുകളിലായി പിടിച്ചെടുത്ത വാഹനങ്ങൾ അടിയന്തരമായി കളക്ടറേറ്റ് വളപ്പിൽ നിന്നും നീക്കം ചെയണം. ഏഴിന് ശേഷം കളക്ടറേറ്റ് വളപ്പിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ യാതൊരു കാരണവശാലും സൂക്ഷിക്കരുതെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ജീവനക്കാരുടെ ഉച്ചസമയത്തെ ഭക്ഷണാവശിഷ്ടങ്ങളും മറ്റ് ജൈവമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിനായി ശുചിത്വമിഷൻ കളക്ടറേറ്റ് വളപ്പിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമുഴി മോഡൽ എയിറോബിക് കമ്പോസ്റ്റ് യൂണിറ്റിനെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും യോഗത്തിൽ തീരുമാനമായി. സിവിൽ സ്റ്റേഷനിലെ മുഴുവൻ ഓഫീസ് മേലാധികാരികളെയും ഉൾപ്പെടുത്തിയാണ് യോഗം ചേർന്നത്. ഡെപ്യൂട്ടി കളക്ടർ ശശിധരൻ പിള്ള, അസിസ്റ്റന്റ് കളക്ടർ മിഥുൻ പ്രേമരാജ്, ശുചിത്വമിഷൻ കോട്ട്നേറ്റർ എ.ലക്ഷ്മി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ശബരിമല മഹോത്സവം; ദക്ഷിണേന്ത്യൻ ദേവസ്വംകാര്യ മന്ത്രിമാരുമായി മന്ത്രി കെ.രാധാകൃഷ്ണൻ ചർച്ച നടത്തി





ശബരിമല മഹോൽസവത്തിന് മുന്നോടിയായി ദക്ഷിണേന്ത്യയിലെ ദേവസ്വംകാര്യ മന്ത്രിമാരുമായി മന്ത്രി കെ രാധാകൃഷ്ണൻ ചർച്ച നടത്തി. പുതുശേരി സാംസ്ക്കാരിക മന്ത്രി ചന്ദ്രിയ പ്രിയങ്ക, തമിഴ് നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയർ പങ്കെടുത്തു.ദർശന തീയതിയും സമയവും ഉറപ്പാക്കുന്ന വെർച്വൽ ക്യൂ വഴിയാണ് ഈ വർഷവും തീർത്ഥാടകരെ പ്രവേശിപ്പിക്കുകയെന്ന് മന്ത്രി കെ രാധാകൃഷ്ണൻ യോഗത്തിൽ അറിയിച്ചു. ഐഡി കാർഡുള്ള തീർത്ഥാടകർക്ക് ചെങ്ങന്നൂരും നിലയ്ക്കലും ഉൾപ്പെടെ 12 കേന്ദ്രങ്ങളിൽ സ്പോട്ട് ബുക്കിങ്ങിനും സൗകര്യമൊരുക്കിയിട്ടുണ്ട്. തീർത്ഥാടകരുടെ പരിശോധന കേരള പൊലീസ് നിർവഹിക്കും.അന്യ സംസ്ഥാന തീർത്ഥാടകർ കൂടുതലായി ഉപയോഗിക്കുന്ന പരമ്പരാഗത കാനന പാതയിൽ ഭക്ഷണ- വിശ്രമ മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് സാധനങ്ങളും പമ്പാ നദിയിൽ വസ്ത്രങ്ങൾ ഒഴുക്കുന്നതും ഒഴിവാക്കാൻ സംസ്ഥാനങ്ങളിൽ ഇടപെടണമെന്നും കെ രാധാകൃഷ്ണൻ അഭ്യർത്ഥിച്ചു.15 സീറ്റിൽ താഴെയുള്ള വാഹനങ്ങൾ പമ്പയിലെത്തി തീർത്ഥാടകരെ ഇറക്കി നിലയ്ക്കലിൽ പാർക്ക് ചെയ്യണം. മറ്റു വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യണം. നിലയ്ക്കൽ പമ്പ റൂട്ടിൽ കെ എസ് ആർ ടി സി ചെയിൻ സർവീസ് നടത്തും. പമ്പാ സ്നാനം കാലാവസ്ഥാ സാഹചര്യങ്ങൾ പരിഗണിച്ച് അനുവദിക്കും. കൂടുതൽ ഷവറുകൾ പമ്പയിൽ ഒരുക്കിയിട്ടുണ്ട്.

ഫലപ്രദമായ പാരമ്പര്യ ചികിത്സ

ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.

ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക




അൽ—മദീന വൈദ്യ—കണ്ണൂർ

ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തളാപ്പ്, കണ്ണൂർ - 4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്

ഫോൺ: 9388824933, 8129209023

INTERNATIONAL NEWS



# വർഷങ്ങൾ ജയിലിൽ കഴിയേണ്ടി വന്ന നിരപരാധികൾക്ക് 36 മില്യൺ ന്യൂയോർക്ക് സിറ്റി നഷ്ടപരിഹാരം നൽകണം

ന്യൂയോർക്ക് സിറ്റി: 1965 ൽ മാൽക്കം എക്സ് കൊല്ലപ്പെട്ട കേസ്സിൽ രണ്ടു ദശാബ്ദത്തിലധികം ജയിലിൽ കഴിയേണ്ടിവന്ന രണ്ടുപേർക്കും, ഇവർക്കുവേണ്ടി ഹാജരായ അറ്റോർണിക്കും ഉൾപ്പെടെ 36 മില്യൺ ഡോളർ നഷ്ടപരിഹാരം നൽകുന്നതിന് ന്യൂയോർക്ക് സിറ്റി അധികൃതർ ധാരണയായി. മുഹമ്മദ് അസീസ്, ഖാലിൽ ഇസ്ലാം എന്നിവർക്ക് ഈ കേസ്സിൽ 50 വർഷം വീതമാണ് ജയിൽ ശിക്ഷ വിധിരുന്നത്. ഇരുവർക്കും 26 ലക്ഷവും, അറ്റോർണി ഡേവിഡ് ഷാനിസിന് 10 മില്യൺ ഡോളറുമാണ് ലഭിക്കുക. കഴിഞ്ഞവർഷം മൻഹാട്ടൻ ജഡ്ജിയാണ് ഇരുവരുടേയും പേരിലുള്ള കേസ്സ് ഡിസ്മിസ്സ് ചെയ്തത്. ഈ സമയത്തിനുള്ളിൽ ഖലീൽ ഇസ്ലാം 2009ൽ നിര്യാതനായി കൂടെയുണ്ടായിരുന്ന മുഹമ്മദ് അസീസ് 84 വയസ്സിൽ ജിയിൽ വിമോചിതനായി. അഡ്ബോൺ ബാൾറൂമിൽ പ്രസംഗിക്കുന്നതിനിടെ 1965 ഫെബ്രുവരി 21നാണ് മുപ്പത്തി ഒമ്പതു വയസ്സുള്ള മാൽക്കം എക്സ് വെടിയേറ്റ് കൊല്ലപ്പെടുന്നത്.ആഫ്രിക്കൻ അമേരിക്കൻ മുസ്ലീങ്ങളുടെ പ്രമുഖ വക്താവായി മാറി ജനശ്രദ്ധ പിടിച്ചുപറ്റിയ മാൽക്കം ബ്ലാക്ക് മുസ്ലീം ഓർഗനൈസേഷനെ അവരുടെ പൗരാവകാശങ്ങളെ കുറിച്ചു ബോധവൽക്കരിക്കാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുന്നതിന് നാഷ്ണൽ ഓഫ് ഇസ്ലാം അംഗങ്ങളായ രണ്ടുപേരും തോമസും ഹാഗനും ചേർന്ന് മാൽക്കത്തെ കൊലപ്പെടുത്തിയെന്നാണ് കേസ്. വർഷങ്ങൾ നീണ്ട നിയമയുദ്ധത്തിനുശേഷം ഇരുവരും കേസ്സിൽ നിരപരാധികളാണെന്ന് കണ്ടെത്തി ജയിൽ വിമോചിതരാക്കുകയായിരുന്നു. ഇവരുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന യാതനകൾക്ക് പരിഹാരമായിട്ടാണ് 36 മില്യൺ നഷ്ടം പരിഹാരം നൽകാൻ ധാരണയായത്.

# ന്യൂയോർക്ക് ഗവർണ്ണർ തിരഞ്ഞെടുപ്പ്–ഡമോക്രാറ്റിക് പാർട്ടിക്ക് ബാലികേറാമല



**ന്യൂയോർക്ക്:** ഡമോക്രാറ്റിക് പാർട്ടിയുടെ ഉറച്ച സംസ്ഥാനമായ ന്യൂയോർക്കിൽ ഇത്തവണ പാർട്ടിക്ക് അടിപതറുമോ? സാധ്യതകൾ തള്ളികളയാനാവില്ലെന്നാണ് തിരഞ്ഞെടുപ്പ് അടുത്തു വരുംതോറും തെളിഞ്ഞുവരുന്ന ചിത്രം. ഡമോക്രാറ്റിക് പാർട്ടി വോട്ടർമാരു പോലും ഇത്തവണ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്താൽ അത്ഭുതപ്പെടാനില്ല. ഒരാഴ്ച മുമ്പു ക്യൂനി പിക്ക് യൂണിവേഴ്സിറ്റി പുറത്തുവിട്ട സർവ്വേയിൽ വളരെ നേരിയ ഭൂരിപക്ഷം നിലവിലുള്ള ന്യൂയോർക്ക് സർവ്വേയിൽ വളരെ നേരിയ ഭൂരിപക്ഷം നിലവിലുള്ള ന്യൂയോർക്ക് ഗവർണ്ണർ കാത്തി ഹോച്ചലിന് ലഭിച്ചുവെങ്കിലും പിന്നെ സ്ഥിതിമാറിവരുന്നതായിട്ടാണ് പുതിയതായി ലഭിക്കുന്ന റിപ്പോർട്ടുകൾ നൽകുന്ന സൂചന. ന്യൂയോർക്ക് പ്രധാന സിറ്റികളിൽ കാത്തിക്ക് ഭൂരിപക്ഷം ലഭിക്കുന്നുണ്ടെങ്കിലും, ഉൾപ്രദേശങ്ങളിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ലി സെൽഡിന് ലഭിക്കുന്നതു വമ്പിച്ച പിന്തുണയാണ്. സബർബ് വോട്ടർമാരിൽ 52 ശതമാനം സെൽഡിനെ പിന്തുണക്കുമ്പോൾ 44 ശതമാനം മാത്രമാണ് കാത്തിയെ പിന്തുണക്കുന്നത്. സർവ്വെയിൽ പങ്കെടുത്ത വോട്ടർമാരിൽ 43 ശതമാനം കാത്തിയെ അനുകൂലിക്കുമ്പോൾ, 45 ശതമാനം വോട്ടർമാർ കാത്തിയെ അറിയുകപോലുമില്ലാ എന്നാണ് സൂചിപ്പിക്കുന്നത്. 9 ശതമാനം പേർ ഇവരെ കുറിച്ചു കേട്ടിട്ടുമില്ല. ജനാധിപത്യ സംരക്ഷണം, കുറ്റകൃത്യങ്ങൾ, നാണ്യപെരുപ്പം എന്നിവ ഡമോക്രാറ്റിക് പാർട്ടിക്ക് ഭീഷിണിയാകുന്നുണ്ട്. അതോടൊപ്പം അനധികൃത കുടിയേറ്റക്കാരുടെ തള്ളികയറ്റം ന്യൂയോർക്ക് സിറ്റി ജനങ്ങളെ വല്ലാതെ അലോസരപ്പെടുത്തുന്നുമുണ്ട്. ന്യൂയോർക്ക് സെനറ്റ് സീറ്റിൽ അഞ്ചാം തവണയും മത്സരിക്കുന്ന നിലവിലുള്ള സെനറ്റർ ചക്ക് ഷൂമർ(ഡമോക്രാറ്റിക്) റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ജൊപിനിയനേക്കാൾ ബഹുദൂരം മുന്നിലാണ്. ഗവർണ്ണർ സ്ഥാനം നിലനിർത്തുന്നതിനുള്ള അടവുകളാണ് ഡമോക്രാറ്റിക് പാർട്ടി പയറ്റുന്നത്.



# ന്യൂയോർക്കിൽ വീടിന് തീപിടിച്ചു മരിച്ചവരിൽ മൂന്നു സഹോദരങ്ങളും,പത്തു മാസമായ പെൺകുഞ്ഞും

**ബ്രോൺസ് (ന്യൂയോർക്ക്)** : ഞായറാഴ്ച ബ്രോൺസ് കിൻമ്പി അവന്യുവിലുള്ള വീടിന് തീപിടിച്ചതിനെ തുടർന്ന് മൂന്നു കുട്ടികളും 22 കാരനും കൊല്ലപ്പെട്ടതായി ഒക്ടോബർ 31ന് നടത്തിയ വാർത്താ സമ്മേളനത്തിൽ അധികൃതർ അറിയിച്ചു. യമനിൽ നിന്ന് കുടിയേറിയവരാണ് ഈ കുടുംബാംഗങ്ങൾ. ബ്രോൻസ് കിൻമ്പിയിൽ ഉള്ള വീട്ടിൽ നിന്ന് ഞായറാഴ്ച രാവിലെയാണ് പുകയുയരുന്ന വിവരം നാട്ടുകാർ പൊലീസിനെ അറിയിച്ചത്. അഗ്നിശമന സേനാംഗങ്ങൾ സ്ഥലത്തെത്തി തീയണച്ചതിനു ശേഷം നടത്തിയ പരിശോധനയിലാണ് രണ്ടുപേരുടെ മൃതദേഹങ്ങളും ഗുരുതരമായി പൊള്ളലേറ്റ മറ്റുള്ളവരെയും കണ്ടെത്തിയത്. 10 വയസ്സുള്ള ഖാലിദ് ഖലീദും, 12 വയസ്സുള്ള മുഹമ്മദ് ഖാലിദും സംഭവസ്ഥലത്ത് വെച്ചുതന്നെ മരിച്ചിരുന്നു. ഇവരുടെ സഹോദരൻ 22 വയസ്സുള്ള മുഹമ്മദ് സാലയും അഹമ്മദിന്റെ മകൾ 10 മാസം ഉള്ള ബറ സാലയും ആശുപത്രിയിൽ മരണത്തിന് കീഴടങ്ങി. കുട്ടിയുടെ മാതാവിനെയും (21) , നാൽപ്പത്തിയൊന്ന് വയസുള്ള മറ്റൊരാളെയും അഗ്നിശമനസേനാംഗങ്ങൾ രക്ഷപ്പെടുത്തി. മറ്റൊരു 21 വയസ്സുകാരനും പരിക്കേൽക്കാതെ രക്ഷപ്പെട്ടു. വീടിന് തീ ആളി പിടിച്ചതോടെ പുറത്തുകടക്കാൻ കഴിയാത്ത കുട്ടികൾ ജനലിനരികിൽ വന്നു നിലവിളിച്ചുവെങ്കിലും സമീപവാസികൾക്ക് അവിടേക്ക് അടുക്കുവാൻ കഴിഞ്ഞില്ല. ഇവർ താമസിച്ചിരുന്ന ഇരുനില കെട്ടിടം പൂർണമായും അഗ്നിയിൽ തകർന്നുപോയി. തീപിടുത്തത്തിന്റെ കാരണം കണ്ടെത്താനായിട്ടില്ല. ജനുവരി മാസം ബ്രോൺസിലെ അപ്പാർട്ട്മെന്റിനു തീപിടിച്ചു 17 പേരാണ് കൊല്ലപ്പെട്ടത്.



# ഡാളസിൽ ഇന്ത്യൻ കോൺസുലേറ്റ് വിസ ക്യാമ്പ് നവംബർ 12 ശനിയാഴ്ച 10ന്

**ഡാളസ് :** ഇന്ത്യൻ കോൺസുലേറ്റ് ഹൂസ്റ്റൺ നവംബർ 12 നു ഡാളസ്സിൽ വിസ ക്യാമ്പ് സംഘടിപ്പിക്കുന്നു.വിവിധ ഇന്ത്യൻ അസ്സോസിയേഷനുകളുടെ സഹകരണത്തോടെ അലനിലുള്ള രാധാകൃഷ്ണ ടെമ്പിളിലാണ്(1450 ചീ്വേണമല്യേ്യണെറ ,അഹഹലി ഃ 75013) ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.2022 നവംബർ 12 ശനിയാഴ്ച രാവിലെ പത്തു മുതൽ വൈകീട്ട് 5 വരെ ഹൂസ്റ്റൺ കോൺസുലേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഇന്ത്യൻ പാസ്സ്പോർട്ട്, ഓ.സി.ഐ.കാർഡ്, പേരു പുതുക്കൽ തുടങ്ങിയവർക്കുള്ള പൂരിപ്പിച്ച അപേക്ഷകൾ പരിശോധിച്ചു നൽകും. ഈ പൂരിപ്പിച്ച അപേക്ഷകൾ വി എഫ് എസ് .(ഹൂസ്റ്റൺ) ഓഫീസിലേക്കു അയച്ചു കൊടുത്താൽ കാലതാമസം ഒഴിവാക്കാമെന്നും,ക്യാമ്പിൽ വെച്ച് പുതിയ പാസ്പോർട്ടോ , വിസായോ വിതരണം ചെയുന്നതല്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.പൗരന്മാരുടെ സംശയങ്ങൾക്കുള്ള മറുപടിയും ഉദ്യോഗസ്ഥർ നൽകും. മുൻ കൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് ആദ്യ പരിഗണന ലഭിക്കുക.കൂടുതൽ വിവരങ്ങൾക്ക് ഹൂസ്റ്റൺ കോൺസുലേറ്റുമായോ ബന്ധപ്പെടാവുന്നതാണ്.

# പ്രാർത്ഥനക്ക് മറുപടി വൈകുന്നത് വിശ്വാസം വർധിപ്പിക്കേണ്ടതിന്, പാസ്റ്റർ മാത്യൂസ് ജോർജ്

**ഡാളസ്:** പ്രാർത്ഥനക്കു മറുപടി വൈകുന്നത് നമ്മിലുള്ള വിശ്വാസം വർധിപ്പിക്കേണ്ടതിനാണെന്നു ഡാളസ് ഐ പി സി ,കാർമേൽ സീനിയർ പാസ്റ്റർ മാത്യൂസ് ജോർജ് മായാലിൽ –അഭിപ്രായപ്പെട്ടു.നവം 1 ചൊവ്വാഴ്ച വൈകീട്ട് നടന്ന 442 –മത് ഇൻറർനാഷണൽ പ്രയർ ലൈൻ മീറ്റിംഗിൽ വചനശുശ്രൂഷ നിർവഹിക്കുകയായിരുന്നു മാത്യൂസ് ജോർജ് . സംഘീർത്തനം ഇരുപത്തിരണ്ടാം അദ്ധ്യായം ഒന്ന് മുതൽ എട്ടു വരെയുള്ള വാകൃങ്ങളെ അധികരിച്ചു പാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി .ദാവീദിന്റെ ജീവിതത്തിൽ പലസന്ദർഭങ്ങളിലും പ്രാർത്ഥനക്കു ഉടൻ മറുപടി ലഭിക്കാതിരുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാൽ അതിലൊന്നും നിരാശപെട്ടുപോകാതെ,മടുത്തുപോകാതെ പ്രാർത്ഥിക്കുവാൻ ദാവീദ് സന്നദ്ധനായി .അതുകൊണ്ടു തന്നെ ധാരാളം അനുഗ്രഹങ്ങൾ ദാവീദിന്റെ ജീവിതത്തിൽ പ്രാപിക്കുവാൻ ഇടയായതായി പാസ്റ്റർ ചൂണ്ടിക്കാട്ടി .ഇതു നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ ഒരു മാതൃകയായി സ്വീകരിക്കണമെന്നും പാസ്റ്റർ ഉദ് ബോധിപ്പിച്ചു. ഇൻറർനാഷണൽ പ്രയർ ലൈൻ കുടുംബത്തിലെ ആരംഭകാലം മുതൽ സജീവ സാന്നിധ്യമായിരുന്ന ജോൺ തോമസിന്റെ (ഡിട്രോയിറ്റ് )നിര്യാണത്തിൽ അനുശോചനം രേഖപെടുത്തിയതിനുശേഷം പാസ്റ്റർ രാജൻ ജോർജിന്റെ (ഡാളസ്) പ്രാരംഭ പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത് .ലിസി തോമസ് (ഫിലാഡൽഫിയ)നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു .കോഡിനേറ്റർ സി വി സാമുവേൽ സ്വാഗതം ആശംസിക്കുകയും മുഖ്യാതിഥിയെ വചന ശുശ്രൂഷയ്ക്കായി ക്ഷണിക്കുകയും ചെയ്തു.കേരളത്തിൽ പത്തനംതിട്ടയിൽ ജനിച്ചു ബോംബയിൽ നിന്നും ബിരുദാനന്തര ബിരുദം നേടിയ മാത്യൂസ് ജോർജ് 1986 ഗൾഫിൽ എത്തിയശേഷം ജോലിയിടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപ്രതനാകുകയും , അവിടെ നിരവധി പെന്തക്കോസ്റ്റൽ കൂടായ്മകൾ സ്ഥാപിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ വിലമതിക്കാനാവാത്തതാണെന്ന് സാമുവേൽ പറഞ്ഞു.. കഴിഞ്ഞ് 441 ആഴ്ചകൾ തുടർച്ചയായി പ്രെയർ മീറ്റിംഗ് സംഘടിപ്പിക്കുന്നതിലൂടെ അനവധി പേരുടെ ആത്മീയവും ബൗതീകവുമായ വളർച്ചയ്ക്ക് നിദാനമാകുകയും ചെയ്തതു ദൈവത്തിൽനിന്നും അളവില്ലാത്ത ലഭിച്ച നന്മകൾ ഒന്നുകൊണ്ടു മാത്രണെന്ന് സി വി എസ് ഓർമിപ്പിച്ചു. തുടർന്ന് ജോർജ് അബ്രഹാം(ഡിട്രോയിറ്റ് ) മധ്യസ്ഥ പ്രാർത്ഥനക്ക് നേതൃത്വം നൽകി, ഷിജു ജോർജ് തച്ചനാൽ ടെക്നിക്കൽ സപ്പോർട്ട് റായിരുന്നു.കോഡിനേറ്റർ ടി എ മാത്യു നന്ദി പറഞ്ഞു.റവ കെ ബി കുരുവിള (ഹൂസ്റ്റൺ അച്ചന്റെ പ്രാർത്ഥനക്കും ആശിർവാദത്തിനുശേഷം യോഗം സമാപിച്ചു.



FILM WORLD








# മമ്മൂട്ടിയുടെ കടുത്ത ആരാധികയെത്തുന്നു: നാൻസി റാണി രണ്ടാം പോസ്റ്റർ പുറത്തിറങ്ങി

മെഗാസ്റ്റാർ മമ്മൂട്ടിയുടെ ഫാനായ പെൺകുട്ടിയുടെ ജീവിതം പറയുന്ന നാൻസി റാണിയുടെ രണ്ടാം പോസ്റ്റർ പുറത്തിറങ്ങി.അഹാന കൃഷ്ണകുമാർ, അർജുൻ അശോകൻ എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. നവാഗതനായ ജോസഫ് മനു ജെയിംസാണ് ചിത്രത്തിന്റെ കഥയും സംവിധാനവും. കൈലാത്ത് ഫിലിംസ്, മനു ജെയിംസ് സിനിമാസ്, പ്രോംപ്റ്റ് പ്രോഡക്ഷൻസ് എന്നിവയുടെ ബാനറിൽ റോയ് സെബാസ്റ്റിയൻ കൈലാത്ത്, ജോൺ ഡബ്ല്യു വർഗീസ്, നൈന മനു ജെയിംസ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

അജു വർഗീസ്, ലാൽ, ശ്രീനിവാസൻ, മല്ലിക സുകുമാരൻ, മാമുക്കോയ, സണ്ണി വെയിൻ, കോട്ടയം പ്രദീപ്, അബു സലീം, ഇന്ദൻസ്, ധ്രുവൻ, ലെന, ഇർഷാദ് അലി, അനീഷ് മേനോൻ, വൈശാഖ് നായർ, മാലാ പാർവ്വതി, ജോളി ചിറയത്ത്, നന്ദു പൊതുവാൾ, ദേവി അജിത്ത്, സുധീർ കരമന, അസീസ് നെടുമങ്ങാട്, സോഹൻ സീനുലാൽ തുടങ്ങി മുപ്പതിലധികം സിനിമാ താരങ്ങളാണ് ചിത്രത്തിൽ വേഷമിടുന്നത്. ഒപ്പം നൂറ്റിമുപ്പതിലധികം പുതുമുഖങ്ങളും നാൻസി റാണിയിലൂടെ അരങ്ങേറ്റം കുറിക്കുന്നു. സിനിമ പഠിക്കാനാഗ്രഹിക്കുന്ന അമ്പതോളം വിദ്യാർത്ഥികളും പ്രോഡക്ഷൻ ടീമിന്റെ ഭാഗമാകുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.നാൻസി റാണി എന്ന മമ്മൂട്ടിയുടെ കടുത്ത ആരാധികയായ ഒരു തല തെറിച്ച പെൺകുട്ടിയുടെ കഥയാണ് നാൻസി റാണി പറയുന്നത്. നാൻസിയുടെ ജീവിതത്തിലൂടെയുള്ള യാത്രയാണ് സിനിമ. അഭിനയമോഹിയായ നാൻസിയുടെ സിനിമയിലേക്കെത്തിപ്പെടാനുള്ള പോരാട്ടം തികച്ചും രസകരമായ മുഹൂർത്തങ്ങളിലൂടെയാണ് ഒരുക്കിയിരിക്കുന്നത്. അമേരിക്ക, ഗ്രീസ്, കോട്ടയം, തിരുവനന്തപുരം, തൊടുപുഴ, മൂന്നാർ, വട്ടവട, കുട്ടിക്കാനം, എന്നിവടങ്ങളിലായാണ് ചിത്രീകരണം പൂർത്തിയാക്കിയത്. ഡിസംബറിൽ ചിത്രം തിയേറ്ററുകളിലെത്തും. 2004ൽ സാബു ജെയിംസ് സംവിധാനം ചെയ്ത ഐആം ക്യൂരിയസ് എന്ന ചിത്രത്തിലൂടെ ബാലതാരമായി സിനിമയിലെത്തിയ മനു ജെയിംസ് മലയാളം, തെലുങ്ക്, കന്നട, ബോളിവുഡ്, ഹോളിവുഡ് സിനിമകളിൽ പ്രവർത്തിച്ച പരിജയത്തോടെയാണ് സംവിധായകനാകുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യുസർ: ടോണി നെല്ലിക്കാട്ടിൽ, രജനീഷ് ബാബു, റൈന സുനിൽ, കോ പ്രൊഡ്യൂസേഴ്സ്: ജെന്നി ബിജു, അശോക് വി എസ്, ശരത് കൃഷ്ണ, അനൂപ് ഫ്രാൻസിസ്, നവൽ മോഹൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ലിജു രാജു, അമിത് സി മോഹനൻ, അഖിൽ ബാലൻ, അനുജിത് നന്ദകുമാർ, കൃഷ്ണപ്രസാദ് മുരളി, പ്രൊഡക്ഷൻ കണ്ട്രോളർ: ശശി പൊതുവാൾ, മേക്കപ്പ്: മിട്ട ആന്റണി, കോസ്റ്റിയൂം: കൃഷ്ണപ്രസാദ് മുരളി, ബിജു. വിഎഫ്എക്സ്: ഉജിത്ത് ലാൽ, ഛായാഗ്രഹണം: രാകേഷ് നാരായണൻ, സെക്കൻഡ് യൂണിറ്റ് ക്യാമറാമാൻ: അനൂപ് ഫ്രാൻസിസ്, അരവിന്ദ് ലാൽ, ആർട്ട്: പ്രഭ കൊട്ടാരക്കര, എഡിറ്റിംഗ്: അമിത് സി മോഹനൻ, മ്യൂസിക്: മനു ഗോപിനാഥ്, ടാവോ ഇസാരോ, അമിത് സി മോഹൻ, നിഹാൽ മുരളി, അഭിജിത് ചന്ദ്രൻ, സ്റ്റീവ് മാനുവൽ ജോമി, മിഥുൻ മധു, പശ്ചാത്തല സംഗീതം: സ്വാതി മനു പ്രതീക് പി ആർ: ടെൻ ഡിഗ്രി നോർത്ത് കമ്മ്യൂണിക്കേഷൻ എന്നിവരാണ് അണിയറ പ്രവർത്തകർ








# രാജ് ബി ഷെട്ടി മലയാളത്തിലേക്ക് 'രുധിരം' പ്രഖ്യാപിച്ചു

കന്നഡയിലെ പ്രശസ്ത താരം രാജ് ബി. ഷെട്ടി മലയാളത്തിലേക്ക് എത്തുകയാണ്. നവാഗതനായ ജിഷോ ലോൺ ആന്റണി സംവിധാനം ചെയ്യുന്ന 'രുധിരം'എന്ന ചിത്രത്തിലൂടെയാണ് താരത്തിന്റെ മോളിവുഡ് അരങ്ങേറ്റം.അപർണ ബാലമുരളി നായികയാകുന്ന ചിത്രത്തിൻറെ ടൈറ്റിൽ പോസ്റ്റർ കഴിഞ്ഞ ദിവസം പുറത്തിറങ്ങി. ഒണ്ടു മോട്ടേയ കഥേ, ഗരുഡ ഗമന ഋഷഭ വാഹന, ചാർളി 777 എന്നീ ചിത്രങ്ങളിലൂടെ സംവിധായകനായും മികച്ച അഭിനേതാവായും കേരളത്തിലെ പ്രേക്ഷകർക്കിടയിലും പരിചിതനാണ് രാജ് ബി ഷെട്ടി.റൈസിങ് സൺ സ്റ്റുഡിയോസിൻറെ ബാനറിൽ വി.എസ്. ലാലൻ നിർമ്മിക്കുന്ന രുധിരം മലയാളത്തിനു പുറമേ കന്നഡ, തമിഴ്,തെലുങ്ക് എന്നി ഭാഷകളിലും റിലീസ് ചെയ്യും . സംവിധായകൻ ജിഷോ ലോൺ ആന്റണി, ജോസഫ് കിരൺ ജോർജ്ജ് എന്നിവർ ചേർന്നാണ് രചന നിർവഹിക്കുന്നത്.മിഥുൻ മുകുന്ദനാണ് പശ്ചാത്തല സംഗീതം നിർവഹിക്കുന്നത്. സജാദ് കാക്കു ഛായാഗ്രഹണം, എഡിറ്റർ–ഭവൻ ശ്രീകുമാർ.

BUSINESS NEWS



# ഇന്ത്യയിലേക്ക് അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ റഷ്യ ഒന്നാമത്

ഇന്ത്യയിലേക്ക് അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ റഷ്യ ഒന്നാമതെത്തി. സൗദി അറേബ്യയെയും ഇറാഖിനെയും മറികടന്നാണ് ഇറക്കുമതി വിഹിതത്തിലെ വർധനവെന്ന് എനർജി കാർഗോ ട്രാക്കറായ വോർടെക്സ് പറയുന്നു.വൻതോതിലുള്ള വിലക്കിഴിവ് ഇന്ത്യ നേട്ടമാക്കുകയായിരുന്നു.പ്രതിദിനം 9,46,000 ബാരൽ വീതമാണ് ഒക്ടോബറിൽ റഷ്യയിൽനിന്ന് ഇന്ത്യ അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്തത്. ഇതോടെ രാജ്യത്തെ മൊത്തം ആവശ്യത്തിന്റെ 22ശതമനമായി റഷ്യയുടെ വിഹിതം. ഇറാഖിന്റേത് 20.5ശതമാനവും സൗദിയുടേത് 16 ശതതമാനവുമായി കുറയുകയും ചെയ്തു.മൊത്തത്തിലുള്ള അസംസ്കൃത എണ്ണ ഇറക്കുമതിയിൽ സെപ്റ്റംബറിനെ അപേക്ഷിച്ച് ഒക്ടോബറിൽ അഞ്ചുശതമാനം വർധനവുണ്ടായിട്ടുണ്ട്. റഷ്യയിൽനിന്നുള്ള ഇറക്കുമതിയിലുണ്ടായ വർധന എട്ടുശതമാനമാണ്. ഇതോടെ ഇതാദ്യമായി യൂറോപ്യൻ യൂണിയനേക്കാൾ കൂടുതൽ റഷ്യൻ ക്രൂഡ് കടൽവഴി ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ. പ്രതിദിനം പത്ത് ലക്ഷം ബാരൽ ഇറക്കുമതി ചെയ്യുന്ന ചൈനയാണ് മുന്നിൽ.യുക്രൈൻ അധിനിവേശത്തെ തുടർന്ന് വൻവിലക്കിഴിവിൽ ക്രൂഡ് വാഗ്ദാനം ചെയ്തതാണ് ഇന്ത്യ നേട്ടമാക്കിയത്. മൊത്തം ഇറക്കുമതിയുടെ ഒരുശതമാനത്തിൽതാഴെമാത്രമായിരുന്നു 2021ൽ റഷ്യയിൽനിന്നുള്ള ഇറക്കുമതി വിഹിതം. രാജ്യത്തേയ്ക്കുള്ള എണ്ണ ഇറക്കുമതിയിൽ സൗദിയായിരുന്നു സെപ്റ്റംബറിൽ മുന്നിൽ. ഇറാഖും യുഎഇയും മൂന്നും നാലും സ്ഥാനത്തുമായിരുന്നു. അഞ്ചാം സ്ഥാനത്താകട്ടെ യുഎസുമായിരുന്നു.




## ബില്യൺ ഡോളറിലേക്ക് ഉയർത്താൻ 'മാസ'

**മുംബൈ:** സ്പ്രൈറ്റ്, തംസ് അപ്പ് എന്നിവയ്ക്ക് പിന്നാലെ, ശീതളപാനീയമായ മാസയെ ബില്യൺ ഡോളർ ബ്രാൻഡായി ഉയർത്താൻ മാതൃ കമ്പനിയായ കൊക്ക-കോള ലക്ഷ്യമിടുന്നു.2024ഓടെ മാസയുടെ വാർഷിക വിൽപ്പന 1 ബില്യൺ ഡോളറിലെത്തിക്കാനാണ് കൊക്കകോള ഇന്ത്യ ലക്ഷ്യമിടുന്നത്. കഴിഞ്ഞ മാസം, നാരങ്ങ രുചിയിലുള്ള ശീതളപാനീയമായ സ്പ്രൈറ്റ് ഇന്ത്യൻ വിപണിയിൽ ബില്യൺ ഡോളർ ബ്രാൻഡായി ഉയർന്നിരുന്നു. ഇന്ത്യൻ വിപണിയിൽ 1 ബില്യൺ ഡോളറിലെത്തിയ ആദ്യ ഇന്ത്യൻ ബ്രാൻഡാണ് തംസ് അപ്.മാസയെ ബില്യൺ ഡോളർ ബ്രാൻഡായി ഉയർത്തുമെന്നും എന്നാൽ അതിന് കുറച്ച് സമയമെടുക്കുമെന്നും ഇന്ത്യയുടെയും തെക്ക് പടിഞ്ഞാറൻ ഏഷ്യയുടെയും ചുമതലയുള്ള കമ്പനിയുടെ പ്രസിഡൻറ് സങ്കേത് റേ പറഞ്ഞു. ഈ വർഷം അത് സംഭവിക്കാത്തതിൻറെ കാരണം മാസയുടെ ഉൽപാദനം നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചതാണ്. മാമ്ബഴത്തിൻറെ ലഭ്യത കുറഞ്ഞതും വില ഉയർന്നതും ഉൽപാദനത്തെ ബാധിച്ചു. ഈ പ്രതിസന്ധിയെ കമ്ബനി അതിജീവിച്ചു. അടുത്ത വർഷം അതായത് 2024ൽ ഒരു ബില്യൺ ഡോളർ ബ്രാൻഡായി മാറാൻ മാസയ്ക്ക് കഴിയുമെന്ന് സങ്കേത് റേ പറഞ്ഞു.

## നിക്ഷേപത്തിന് 7.50% പലിശയുമായി ഐഡിബിഐ

**കൊച്ചി:** ഐഡിബിഐ ബാങ്ക് 700 ദിവസത്തെ അമൃത് മഹോത്സവ് നിക്ഷേപങ്ങളിൽ പരമാവധി 7.50 ശതമാനം പലിശ പ്രഖ്യാപിച്ചു.കൂടാതെ, 555 ദിവസത്തെ നിക്ഷേപങ്ങളിൽ പലിശ നിരക്ക് 6.50 ശതമാനത്തിൽ നിന്ന് പരമാവധി 7.00 ശതമാനമായും ഉയർത്തിയിട്ടുണ്ട്. പരിമിത കാലയളവിലേക്കാണ് ഈ ഓഫർ.

# കൊച്ചിയിൽ പെപ്പർഫ്രൈയുടെ പുതിയ സ്റ്റുഡിയോ തുറന്നു

**കൊച്ചി:** ഇ-കൊമേഴ്സ് ഫർണിച്ചർ ഹോം ഗുഡ്സ് കമ്ബനിയായ പെപ്പർഫ്രൈയുടെ പുതിയ സ്റ്റുഡിയോ കൊച്ചിയിൽ തുറന്നു.ഇന്ത്യയിലെ പ്രധാന വിപണികളിലേക്ക് സാന്നിധ്യം വ്യാപിപ്പിക്കാനും, ഹോം, ലിവിങ് സ്പേസ് തുടങ്ങിയ വിപണികളിൽ ഒമ്നി ചാനൽ ബിസിനസ് രൂപപ്പെടുത്താനുമുള്ള കമ്ബനിയുടെ ലക്ഷ്യത്തിൻറെ ഭാഗമായാണ് ഓഫ്ലൈൻ വിപുലീകരണം. രാജ്യത്ത് 200ലേറെ സ്റ്റുഡിയോകളുള്ള പെപ്പർഫ്രെക്ക് നൂറിലേറെ നഗരങ്ങളിൽ സാന്നിധ്യമുണ്ട്.പെപ്പർഫ്രൈ സ്റ്റുഡിയോ ഇന്ത്യയിലെ ഫർണിച്ചർ റീട്ടെയിൽ മേഖലയെ മാറ്റിമറിച്ചു. രാജ്യത്തുടനീളമുള്ള എഫ്ഒഎഫ്ഒ സ്റ്റുഡിയോകളുടെ വിപുലീകരത്തിലൂടെയാണ് കമ്ബനിയുടെ ഓമ്നിചാനൽ തന്ത്രം മുന്നോട്ടുകൊണ്ടുപോകുന്നു. നിലവിൽ 90-ലധികം പങ്കാളികളുമായി പ്രവർത്തിക്കുന്നു. മെസർസ് ചെറിയാൻ കണ്ടത്തിൽ മാർക്കറ്റിങ്ങിൻറെ പങ്കാളിത്തത്തോടെ ആരംഭിച്ച പുതിയ സ്റ്റുഡിയോ 1400 ചതുരശ്രഅടി വിസ്താരത്തിൽ കൊച്ചി, കാക്കനാട് കാവനാട്ട് ബിൽഡിങ്ങിലാണ് സ്ഥിതി ചെയ്യുന്നത്. ഫർണിച്ചറുകളുടെയും ഹോം ഉൽപ്പന്നങ്ങളുടെയും വലിയ കാറ്റലോഗ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കമ്ബനിയുടെ ഇൻറീരിയർ ഡിസൈൻ കൺസൾട്ടൻറുകൾ ഉപഭോക്താക്കൾക്ക് ഡിസൈൻ സംബന്ധിച്ച ഉപദേശവും നൽകും. കേരളത്തിലെ ഹോം, ലിവിങ് സ്പേസ് ഉപഭോക്താക്കളുടെ തനതായ ആവശ്യങ്ങൾക്കനുസൃതമായി വ്യക്തിഗത ഷോപ്പിങ് അനുഭവം നൽകാനാണ് കൊച്ചിയിലെ സ്റ്റുഡിയോ ലക്ഷ്യമിടുന്നത്.ചെറിയാൻ കണ്ടത്തിൽ മാർക്കറ്റിങ്ങുമായി ചേർന്ന് കൊച്ചിയിൽ തങ്ങളുടെ പുതിയ സ്റ്റുഡിയോ ആരംഭിക്കുന്നതിൽ സന്തോഷമുണ്ടെന്ന് പെപ്പർഫ്രൈ ഫ്രാഞ്ചൈസിങ് ആൻഡ് അലയൻസസ് ബിസിനസ് ഹെഡ് അമൃത ഗുപ്ത പറഞ്ഞു. പെപ്പർഫ്രൈ ഫ്രാഞ്ചൈസി സ്വന്തമാക്കുന്നത് ഒരു സംരംഭക വിജയമാണ്, കൂടാതെ മെട്രോപൊളിറ്റൻ, മുൻനിര നഗരങ്ങളുടെ അപ്പുറത്തേക്ക്



ഉപഭോക്താക്കളിലേക്ക് എത്താനും തങ്ങൾ ലക്ഷ്യമിടുന്നു. വിജയിച്ച ബിസിനസുകൾ, വനിതാ സംരംഭകർ, വിരമിച്ച സൈനിക ഉദ്യോഗസ്ഥർ, നവ സംരംഭകർ എന്നിവരാണ് തങ്ങളുടെ ഫ്രാഞ്ചൈസി പങ്കാളികൾ. ഇന്ന് പെപ്പർഫ്രൈ ഉപഭോക്തൃ ഇടപെടലുകളുടെ വലിയൊരു ഭാഗം എആർ, വെർചൽ ഉൽപ്പന്ന ഇടപെടലുകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ലോകമെമ്ബാടും വീടെന്ന വികാരം ജനിപ്പിക്കുക എന്ന തങ്ങളുടെ ദൗത്യത്തിലൂടെ, സ്ഥിരമായി മികച്ച ഉപഭോക്തൃ സേവനം നൽകാനാണ് തങ്ങൾ ശ്രമിക്കുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യയിലെ പ്രമുഖ ഹോം, ഫർണിച്ചർ വിപണിയായ പെപ്പർഫ്രൈയുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ട്. പെപ്പർഫ്രൈ ഒരു വ്യത്യസ്ത ഓമ്നിചാനൽ ബിസിനസ്സിന് തുടക്കമിട്ടു, ഏറ്റവും വലിയ ഓമ്നിചാനൽ ഹോം ആൻഡ് ഫർണിച്ചർ ബിസിനസ്സ് സൃഷ്ടിക്കുന്നതിനുള്ള യാത്രയിൽ അവരുമായി സഹകരിക്കുന്നതിൽ അഭിമാനിക്കുന്നുവെന്ന് പെപ്പർഫ്രൈ കൊച്ചി ഉടമ ചെറിയാൻ പറഞ്ഞുപെപ്പർഫ്രൈയുടെ ഓർഡർ, വിൽപനാനന്തര സേവനം, സ്റ്റുഡിയോ ഡിസൈൻ പിന്തുണ, ലോഞ്ച് ആൻഡ് സെറ്റപ്പ്, പ്രവർത്തന മാർഗനിർദേശം, മാർക്കറ്റിങ്, പ്രമോഷനുകൾ എന്നിവയ്ക്കുള്ള പിന്തുണയാണ് 2017ൽ തുടക്കമിട്ട പെപ്പർഫ്രൈ ഫ്രാഞ്ചൈസി ബിസിനസ് മോഡൽ വാഗ്ദാനം ചെയ്യുന്നത്. ഹൈപ്പർ ലോക്കൽ ഡിമാൻഡും, ട്രെൻഡും അറിയാവുന്ന പ്രാദേശിക സംരംഭകരുമായാണ് പെപ്പർഫ്രൈ പങ്കാളിത്തത്തിലേർപ്പെടുന്നത്. എല്ലാ മാസവും ഏകദേശം 8-9 ഫ്രാഞ്ചൈസികൾ പെപ്പർഫ്രൈ അവതരിപ്പിക്കുന്നുണ്ട്.പെപ്പർഫ്രൈയുടെ ഓഫ്ലൈൻ സാന്നിധ്യം വിപുലീകരിക്കാനാണ് പെപ്പർഫ്രൈ ആക്സിലറേറ്റർ പ്രോഗ്രാം രൂപകൽപന ചെയ്തത്. ഫ്രാഞ്ചൈസി പങ്കാളികൾക്ക് ആവശ്യമായ 15 ലക്ഷം രൂപ മുതൽ ആരംഭിക്കുന്ന പദ്ധതിച്ചെലവാണ് ഈ പ്രോഗ്രാമിനെ വ്യത്യസ്തമാക്കുന്നത്. 100 ശതമാനം വില തുല്യതയെ അടിസ്ഥാനമാക്കിയുള്ള ഈ മോഡലിൽ പങ്കാളികൾക്ക് ഉൽപ്പന്ന വിവരപട്ടിക കൈവശം വയ്ക്കേണ്ട ആവശ്യമില്ലാതെ തന്നെ പരസ്പര പ്രയോജനകരമായ ബിസിനസ് പങ്കാളിത്തമാക്കി ഇത് മാറുകയും ചെയ്യുന്നു.



# തകർപ്പൻ തുടക്കമിട്ട ബംഗ്ലാദേശിനെ പിടിച്ചുകെട്ടി ഇന്ത്യ; സെമി ബർത്തിന് തൊട്ടടുത്ത്

അഡലെയ്ഡ്: ആവേശം അവസാന പന്തുവരെ നീണ്ട ടന്റി 20 ലോകകപ്പ് സൂപ്പർ 12 പോരാട്ടത്തിൽ ബംഗ്ലാദേശിനെ തകർത്ത് ഇന്ത്യ. മഴ കളിമുടക്കിയ മത്സരത്തിൽ തകർപ്പൻ തുടക്കമിട്ട ബംഗ്ലാദേശിനെതിരേ ഡക്ക്വർത്ത് ലൂയിസ് നിയമപ്രകാരം അഞ്ചു റൺസിനായിരുന്നു ഇന്ത്യൻ ജയം.

14 പന്തിൽ നിന്ന് 25 റൺസോടെ പുറത്താകാതെ നിന്ന നുറുൾ ഹുസൈൻ അവസാന പന്ത് വരെ ഇന്ത്യയെ വിറപ്പിച്ചു. അർഷ്ദീപ് എറിഞ്ഞ അവസാന ഓവറിൽ 20 റൺസായിരുന്നു ബംഗ്ലാദേശിന് ജയിക്കാൻ വേണ്ടിയിരുന്നത്. എന്നാൽ നുറുൾ ഹുസൈനും ടസ്കിൻ അഹമ്മദിനും 14 റൺസെടുക്കാനെ സാധിച്ചുള്ളൂ.

ഇടയ്ക്ക് മഴ കളിമുടക്കിയതോടെ ബംഗ്ലാദേശിന്റെ വിജയലക്ഷ്യം 16 ഓവറിൽ 151 റൺസായി പുനർനിശ്ചയിച്ചിരുന്നു. 16 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ ബംഗ്ലാദേശിന് നേടാനായത് 145 റൺസ് മാത്രം.

ജയത്തോടെ ഗ്രൂപ്പ് രണ്ടിൽ നാല് മത്സരങ്ങളിൽ നിന്ന് ആറ് പോയന്റുമായി ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി. ഞായറാഴ്ച സിംബാബ്‌വെയുമായാണ് ഇന്ത്യയുടെ അവസാന സൂപ്പർ 12 മത്സരം. ഇതിൽ ജയിച്ചാൽ ഇന്ത്യ സെമിയിലെത്തും.

ഇന്ത്യ ഉയർത്തിയ 185 റൺസ് വിജയലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത ബംഗ്ലാദേശിന് തകർപ്പൻ തുടക്കമാണ് ഓപ്പണർ ലിറ്റൺ ദാസ് സമ്മാനിച്ചത്. വെറും 21 പന്തിൽ നിന്ന് 50 തികച്ച താരം ആദ്യ ആറ് ഓവറിൽ ബംഗ്ലാദേശ് സ്കോർ 60-ൽ എത്തിച്ചു. എന്നാൽ ഇന്നിങ്സ് ഏഴ് ഓവർ പിന്നിട്ടതിനു പിന്നാലെ മഴയെത്തി. ഈ സമയം ഏഴ് ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 66 റൺസെന്ന നിലയിലായിരുന്നു ബംഗ്ലാദേശ്. മഴമാറി മത്സരം പുനരാരംഭിച്ചതോടെ ബംഗ്ലാദേശിന്റെ വിജയലക്ഷ്യം 16 ഓവറിൽ 151 റൺസായി പുനർനിശ്ചയിച്ചു.

പിന്നാലെ ഏട്ടാം ഓവറിൽ കെ.എൽ രാഹുലിന്റെ ത്രോയിൽ ലിറ്റൺ ദാസ് റണ്ണൗട്ടായി. 27 പന്തിൽ മൂന്ന് സിക്സും ഏഴ് ഫോറുമടക്കം 60 റൺസെടുത്താണ് താരം പുറത്തായത്.

പിന്നീട് കൃത്യമായ ഇടവേളകളിൽ ബംഗ്ലാദേശിന് വിക്കറ്റുകൾ നഷ്ടമായി. 10-ാം ഓവറിൽ നജ്മുൽ ഹുസൈൻ ഷാന്റോയെ (21) മുഹമ്മദ് ഷമി മടക്കി. അഫിഫ് ഹുസൈൻ (3), യാസിർ അലി (1), മൊസാദെക് ഹുസൈൻ (6) എന്നിവരും കാര്യമായ സംഭാവനകളില്ലാതെ മടങ്ങിയതോടെ ബംഗ്ലാദേശ് പ്രതിരോധത്തിലായി. ഇതിനിടെ 12 പന്തിൽ നിന്ന് 13 റൺസെടുത്ത ക്യാപ്റ്റൻ ഷാക്കിബ് അൽ ഹസനെ പുറത്താക്കി അർഷ്ദീപ് സിങ് കളി ഇന്ത്യയ്ക്ക് അനുകൂലമാക്കി.

എന്നാൽ ഏഴാം വിക്കറ്റിൽ ഒന്നിച്ച നുറുൾ ഹുസൈൻ - ടസ്കിൻ അഹമ്മദ് സഖ്യം ഇന്ത്യയുടെ നെഞ്ചിൽ തീകോരിയിട്ടു. കൃത്യമായ ഇടവേളകളിൽ ബൗണ്ടറികൾ കണ്ടെത്തിയ ഈ സഖ്യം 37 റൺസാണ് കൂട്ടിച്ചേർത്തത്. ടസ്കിൻ ഏഴ് പന്തിൽ നിന്ന് 12 റൺസോടെ പുറത്താകാതെ നിന്നു.

ഇന്ത്യയ്ക്കായി അർഷ്ദീപും ഹാർദിക് പാണ്ഡ്യയും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

നേരത്തെ ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ അർധ സെഞ്ചുറി നേടിയ കെ.എൽ രാഹുൽ, വിരാട് കോലി എന്നിവരുടെ മികവിൽ 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 184 റൺസെടുത്തു.

ഈ ലോകകപ്പിലെ മൂന്നാം അർധ സെഞ്ചുറി നേടിയ കോലി 44 പന്തിൽ നിന്ന് ഒരു സിക്സും എട്ട് ബൗണ്ടറിയുമടക്കം 64 റൺസോടെ പുറത്താകാതെ നിന്നു. കോലിയാണ് ഇന്ത്യയുടെ ടോപ് സ്കോറർ.

32 പന്തുകൾ നേരിട്ട രാഹുൽ നാല് സിക്സും മൂന്ന് ഫോറുമടക്കം 50 റൺസെടുത്തു.

ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയ്ക്ക് നാലാം ഓവറിൽ തന്നെ ക്യാപ്റ്റൻ രോഹിത് ശർമയെ (2) നഷ്ടമായി. തുടർന്ന് ക്രീസിലൊന്നിച്ച രാഹുൽ - വിരാട് കോലി സഖ്യം 67 റൺസിന്റെ കൂട്ടുകെട്ടുണ്ടാക്കി ഇന്നിങ്സ് ട്രാക്കിലാക്കി. ഇതിനിടെ 31 പന്തിൽ നിന്ന് അർധ സെഞ്ചുറി തികച്ച് തൊട്ടടുത്ത പന്തിൽ രാഹുൽ പുറത്തായി.

തുടർന്ന് ക്രീസിലെത്തിയ സൂര്യകുമാർ യാദവ് 16 പന്തിൽ നിന്ന് നാല് ബൗണ്ടറിയടക്കം 30 റൺസെടുത്തു.

തുടർന്നെത്തിയ ഹാർദിക് പാണ്ഡ്യ (5), ദിനേഷ് കാർത്തിക്ക് (7), അക്ഷർ പട്ടേൽ (7) എന്നിവർക്ക് കാര്യമായ സംഭാവന നൽകാനായില്ല. അശ്വിൻ ആറ് പന്തിൽ നിന്ന് 13 റൺസെടുത്തു.

ബംഗ്ലാദേശിനായി ഹസൻ മഹ്മൂദ് മൂന്ന് വിക്കറ്റ് വീഴ്ത്തി. ഷാക്കിബ് അൽ ഹസൻ രണ്ടു വിക്കറ്റെടുത്തു.

നേരത്തെ ടോസ് നേടിയ ബംഗ്ലാദേശ് നായകൻ ഷാക്കിബ് അൽ ഹസൻ ഇന്ത്യയെ ബാറ്റിങ്ങിനയക്കുകയായിരുന്നു. ദക്ഷിണാഫ്രിക്കയ്ക്കെതിരായ കഴിഞ്ഞ മത്സരത്തിൽ നിന്നും ഒരു മാറ്റവുമായാണ് ഇന്ത്യ കളിക്കുന്നത്. ദീപക് ഹൂഡയ്ക്ക് പകരം അക്ഷർ പട്ടേൽ ടീമിൽ തിരിച്ചെത്തി.

EDITORS CHOICE





# സൗന്ദര്യറാണിമാർ മിന്നുകെട്ടി, മിസ് അർജന്റീനയും മിസ് പ്യുവർട്ടോറിക്കയും വിവാഹിതരായി

## മൽസരം കഴിഞ്ഞതിനു ശേഷം തങ്ങളിരുവരും പ്രണയബദ്ധരായിരുന്നുവെന്നും ഒടുവിലിപ്പോൾ വിവാഹിതരായിരിക്കുകയാണെന്നും ഇരുവരും ട്വിറ്ററിൽ കുറിച്ചു.

കൊവിഡ് മഹാമാരിയുടെ ആധികൾ മായുന്നതിനിടെ, 2021 മാർച്ച് 27-ന് ബാങ്കോക്കിലെ ഷോ ഡിസി ഹാളിൽ നടന്ന മിസ് ഗ്രാന്റ് ഇന്റർനാഷനൽ സൗന്ദര്യ മൽസരത്തിലാണ് അവർ രണ്ടുപേരും കണ്ടുമുട്ടിയത്. ഒരാൾ ജൻമരാജ്യമായ അർജന്റീനയെ പ്രതിനിധീകരിച്ച് എത്തിയ മിസ് അർജന്റീന മരിയാന വരേല, മറ്റേയാൾ പ്യുവർട്ടോറിക്കയെ പ്രതിനിധീകരിച്ച് വന്ന മിസ് പ്യുവർട്ടോറിക്ക ഫാബിയോല വാലന്റൈൻ.

കൊവിഡ് കാരണം നടക്കാതെ പോയ 2020, 2021 വർഷത്തെ സൗന്ദര്യമൽസരങ്ങൾ ഒന്നിച്ചായിരുന്നു അന്ന് നടന്നത്. അതിൽ, 2020-ലെ മൽസരത്തിലാണ് ഇരുവരും പങ്കെടുത്തത്. മൽസരത്തിൽ ഇരുവരും ആദ്യ പത്തിൽ തന്നെ ഇടം നേടി. അതിനുശേഷം, മോഡലിംഗ് രംഗത്ത് സജീവമായി നിൽക്കുകയായിരുന്നു ഇരുവരും. ഫാബിയോല ന്യൂയോർക്കിലെ പ്രമുഖമായ മോഡലിംഗ് ഏജൻസിയിൽ പ്രവർത്തിക്കുന്നു. മരിയാന വരേലയാവട്ടെ, മോഡലിംഗിനൊപ്പം, ലിംഗ സമത്വം അടക്കമുള്ള വിഷയങ്ങളിൽ നടന്ന രാജ്യാന്തര കാമ്പെയിനുകളുടെ മുഖമായി മാറുകയും ചെയ്തു. വല്ലപ്പോഴും കാണുമ്പോൾ ഒന്നിച്ചുള്ള സെൽഫികൾ പോസ്റ്റ് ചെയ്യുന്നതല്ലാതെ, ഇരുവരും ഒന്നിച്ച് പരസ്യമായി പ്രത്യക്ഷപ്പെട്ടിട്ടേയില്ല എന്നു തന്നെ പറയാം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com